കേരള പിറവി Edition




5-ാം വർഷത്തിലേക്ക്

# ആരോഗ്യ കേരളം

arogyakeralam newsletter

November 2025

Follow us on

arogyakeralam.gov.in

# സമഗ്രാരോഗ്യം ചർച്ച ചെയ്ത് വിഷൻ 2031



**കൂടുതൽ പേർക്ക് ആരോഗ്യ പരിരക്ഷ ഉറപ്പാക്കാൻ പദ്ധതി ആവിഷ്ക്കരിക്കും**

**കേരളത്തെ ഹെൽത്ത് ഹബ്ബാക്കി മാറ്റുക ലക്ഷ്യം**

**വിഷൻ 2031– ആരോഗ്യ സെമിനാർ: 'കേരളത്തിന്റെ ആരോഗ്യ മേഖല വിഷൻ 2031' നയരേഖ മന്ത്രി വീണാ ജോർജ് അവതരിപ്പിച്ചു**

പത്തനംതിട്ട: 2031ൽ എല്ലാവർക്കും ആരോഗ്യ പരിരക്ഷ ഉറപ്പാക്കുന്ന സംസ്ഥാനമാക്കി കേരളത്തെ മാറ്റുകയാണ് ലക്ഷ്യമെന്ന് ആരോഗ്യ വകുപ്പ് മന്ത്രി വീണാ ജോർജ്. സ്പെഷ്യാലിറ്റി ചികിത്സകൾ വികേന്ദ്രീകരിക്കും. അടിസ്ഥാന സൗകര്യ വികസനം കൂടുതൽ മെച്ചപ്പെടുത്തും. ട്രോമാ കെയർ, എമർജൻസി സംവിധാനം കൂടുതൽ ശക്തിപ്പെടുത്തും. ആരോഗ്യ സേവനങ്ങളിൽ തുല്യത ഉറപ്പാക്കുമെന്നും മന്ത്രി വ്യക്തമാക്കി. വിഷൻ 2031 – ആരോഗ്യ സെമിനാറിൽ 'കേരളത്തിന്റെ ആരോഗ്യ മേഖല – വിഷൻ 2031' നയരേഖ അവതരിപ്പിച്ച് സംസാരിക്കുകയായിരുന്നു മന്ത്രി വീണാ ജോർജ്.

വിവിധ സ്കീമുകളെ ഏകോപിപ്പിച്ചാണ് സംസ്ഥാനത്ത് കാരുണ്യ ആരോഗ്യ സുരക്ഷാ പദ്ധതി ആവിഷ്ക്കരിച്ച് നടപ്പിലാക്കിയത്. ഈ പദ്ധതി വഴി 42.2 ലക്ഷം കുടുംബങ്ങൾക്ക് പരിരക്ഷ നൽകുന്നു. കാരുണ്യ ബെനവലന്റ് ഫണ്ട് പദ്ധതിയും നിലവിലുണ്ട്. കാരുണ്യ ആരോഗ്യ സുരക്ഷാ പദ്ധതി വഴി 5 ലക്ഷം രൂപയാണ് ഒരു കുടുംബത്തിന് ചികിത്സ നൽകുന്നത്. കൂടുതൽ പേർക്ക് ആരോഗ്യ പരിരക്ഷ ഉറപ്പാക്കാൻ പദ്ധതി ആവിഷ്ക്കരിക്കാനും ലക്ഷ്യമിടുന്നു.

രോഗാതുരത കുറയ്ക്കുക എന്നതാണ് മറ്റൊരു ലക്ഷ്യം. ജീവിതശൈലീ രോഗങ്ങൾ കുറയ്ക്കുന്നതിനായി ഹെൽത്തി ലൈഫ് ക്യാമ്പയിൻ നടപ്പിലാക്കുന്നു. ആയുഷ് വകുപ്പിന് കീഴിൽ 10,000 യോഗ ക്ലബ്ബുകൾ ആവിഷ്ക്കരിച്ചു. 'സ്കൂൾ ഹെൽത്ത്' പദ്ധതി നടപ്പിലാക്കും. മാനസികാരോഗ്യം ഉറപ്പാക്കാനായി സംവിധാനങ്ങൾ മെച്ചപ്പെടുത്തും. ജീവിതശൈലീ രോഗങ്ങൾ നേരത്തെ കണ്ടെത്തി ചികിത്സിക്കുന്നതിനായി 'ആർദ്രം ജനകീയ ക്യാമ്പയിൻ' ആവിഷ്ക്കരിച്ചു. 30 വയസിന് മുകളിലുള്ളവർക്ക് വീട്ടിലെത്തി ജീവിതശൈലീ രോഗ സ്ക്രീനിംഗ് നടത്തി ആവശ്യമായവർക്ക് ചികിത്സ ഉറപ്പാക്കി. കാൻസർ പ്രതിരോധത്തിനായി 'ആരോഗ്യം ആനന്ദം അകറ്റാം അർബുദം' ജനകീയ ക്യാമ്പയിൻ ആവിഷ്ക്കരിച്ചു. ഇതുവരെ 20 ലക്ഷത്തിലധികം പേരെ സ്ക്രീനിംഗ് നടത്തി. അത്യാധുനിക കാൻസർ ചികിത്സാ സംവിധാനങ്ങൾ നടപ്പിലാക്കി.

പകർച്ചവ്യാധി പ്രതിരോധത്തിന് വളരെ പ്രാധാന്യം നൽകുന്നു. ആരോഗ്യ മേഖല പുതിയ വെല്ലുവിളികളാണ് നേരിടുന്നത്. വർധിച്ചുവരുന്ന ജീവിതശൈലീ രോഗങ്ങൾ, അമീബിക് മെനിഞ്ചോഎൻസെഫലൈറ്റിസ് തുടങ്ങിയ രോഗങ്ങളെ പ്രതിരോധിക്കുകയും പ്രധാനമാണ്. ഈ ലക്ഷ്യം മുൻനിർത്തി എപ്പിഡമിക് ഇന്റലിജൻസ് സംവിധാനം വികസിപ്പിക്കും. പ്രാദേശിക അടിസ്ഥാനത്തിൽ മൈക്രോപ്ലാനുകൾ തയ്യാറാക്കി പ്രതിരോ



(പേജ് 5ൽ തുടർന്നു വായിക്കുക)

# ആർദ്രകേരളം, കായകൽപ്പ് പുരസ്കാരങ്ങൾ വിതരണം ചെയ്തു

**900ലധികം സ്ഥാപനങ്ങളിൽ ഇ ഹെൽത്ത്, ഇ ഓഫീസുകൾ: ആരോഗ്യ മേഖലയിൽ സമ്പൂർണ ഡിജിറ്റലൈസേഷൻ ലക്ഷ്യം**

**ഈ കാലഘട്ടത്തിൽ നടന്നത് സമാനതകളില്ലാത്ത വികസനം | ആർദ്ര കേരളം പുരസ്കാരം മാനദണ്ഡങ്ങളിൽ പൊതുജനാരോഗ്യ നിയമവും**




തിരുവനന്തപുരം: ആരോഗ്യ മേഖലയെ ആധുനികതയിലേക്ക് നയിച്ച കാലഘട്ടമാണിതെന്ന് ആരോഗ്യ വകുപ്പ് മന്ത്രി വീണാ ജോർജ്. ആരോഗ്യ രംഗത്ത് ലോകോത്തരമായ പല സാങ്കേതിക സംവിധാനങ്ങളും കൊണ്ടു വന്നു. റോബോട്ടിക് സർജറി, ജിഗെയ്റ്റർ, ബ്ലഡ് ബാങ്ക് ട്രേസബിലിറ്റി തുടങ്ങിയ സംവിധാനങ്ങൾ യാഥാർത്ഥ്യമാക്കി. നൂൽപ്പുഴ കുടുംബാരോഗ്യ കേന്ദ്രത്തിൽ റോബോട്ടിക് ഫിസിയോതെറാപ്പി സജ്ജമാക്കി. ആരോഗ്യ മേഖലയിൽ സമ്പൂർണ ഡിജിറ്റലൈസേഷനാണ് ലക്ഷ്യമിടുന്നത്. അത് കണ്ടുള്ള പ്രവർത്തനങ്ങളാണ് നടത്തി വരുന്നത്. ഇ ഓഫീസുകൾ സാധ്യമാക്കി. 900ൽ അധികം ആശുപത്രികളിൽ ഇ ഹെൽത്ത് സംവിധാനമൊരുക്കിയതായും മന്ത്രി വ്യക്തമാക്കി. സംസ്ഥാന ആരോഗ്യ വകുപ്പിന്റെ ആർദ്രകേരളം, കായകൽപ്പ്, എം.ബി.എച്ച്.എഫ്.ഐ. അവാർഡ്, നഴ്സസ് അവാർഡ് എന്നീ പുരസ്കാരങ്ങളുടെ വിതരണവും വിവിധ പദ്ധതികളുടെ ഉദ്ഘാടനവും തിരുവനന്തപുരം ടാഗോർ തിയറ്ററിൽ നിർവഹിച്ച് സംസാരിക്കുകയായിരുന്നു മന്ത്രി.

ശിശുമരണ നിരക്ക് അമേരിക്കയേക്കാൾ കുറഞ്ഞ നിരക്കിൽ കൊണ്ടു വരാൻ സാധിച്ചു. ആരോഗ്യ മേഖലയിൽ കഴിഞ്ഞ ഒമ്പതര വർഷക്കാലം ഉണ്ടായ നേട്ടം സമാനതകളില്ലാത്തതാണ്. എല്ലാ ആശുപത്രികളേയും ജന സൗഹൃദവും രോഗീ സൗഹൃദവും ആക്കാനാണ് ലക്ഷ്യമിട്ടത്. ജനകീയ ആരോഗ്യ കേന്ദ്രങ്ങൾ മുതൽ മെഡിക്കൽ കോളേജുകൾ വരെയുള്ള ആശുപത്രികളിലെ അടിസ്ഥാന സൗകര്യം വികസിപ്പിച്ചു. 5415 ജനകീയ ആരോഗ്യ കേന്ദ്രങ്ങളും 308 നഗര ജനകീയ ആരോഗ്യ കേന്ദ്രങ്ങളും സ്ഥാപിച്ചു. 885 പ്രാഥമികാരോഗ്യ കേന്ദ്രങ്ങളിൽ 740 കേന്ദ്രങ്ങളേയും കുടുംബാരോഗ്യ കേന്ദ്രങ്ങളാക്കി മാറ്റാൻ സാധിച്ചു. അടിസ്ഥാന സൗകര്യ വികസനം, ലാബ് സൗകര്യം, വൈകുന്നേരം വരെയുള്ള ഒ.പി എന്നിവ ഉറപ്പാക്കി. എല്ലാവർക്കും ഇൻഷുറൻസ് പരിരക്ഷ ഉറപ്പാക്കുകയാണ് ലക്ഷ്യം.

അടുത്ത വർഷം മുതൽ ആർദ്ര കേരളം പുരസ്കാരത്തിന്റെ മാനദണ്ഡങ്ങളിൽ പൊതുജനാരോഗ്യ നിയമം കൂടി കൊണ്ടുവരും. തദ്ദേശ സ്ഥാപനങ്ങൾ മൈക്രോ പ്ലാനുകൾ തയ്യാറാക്കി പ്രതിരോധ പ്രവർത്തനങ്ങൾ ശക്തമാക്കണം. ഈ പ്രവർത്തനങ്ങളുടെ മികവ് കൂടി പുരസ്കാര മാനദണ്ഡങ്ങളിൽ ഉണ്ടാകും.

ലാബ് പരിശോധനയിൽ സർക്കാർ നിർണായക ഇടപെടൽ നടത്തുകയാണ്. സംസ്ഥാനത്ത് നിർണയ ഹബ് ആന്റ് സ്പോക്ക് മോഡൽ യാഥാർത്ഥ്യമാകുന്നു. 1300 ലാബുകളെ ബന്ധിപ്പിച്ച് 131 ലാബ് പരിശോധനകൾ നടത്താനാകും. അർഹരായവർക്ക് സൗജന്യമായും മറ്റുള്ളവർക്ക് മിതമായ നിരക്കിലും പരിശോധനകൾ നടത്താൻ സാധിക്കും. ഇന്ത്യാ പോസ്റ്റുമായി സഹകരിച്ചാണ് പദ്ധതി നടപ്പിലാക്കുന്നത്. ലാബ് പരിശോധനാ രംഗത്ത് ഇത് വിപ്ലവകരമായ മാറ്റം ഉണ്ടാക്കും.

എ.എം.ആർ. പ്രതിരോധത്തിന് സംസ്ഥാനം മാതൃകാപരമായ പ്രവർത്തനം നടത്തി. രണ്ട് ആശുപത്രികൾ ആന്റിബയോട്ടിക് സ്മാർട്ടായി. 100 ആരോഗ്യ കേന്ദ്രങ്ങൾ കൂടി ആന്റിബയോട്ടിക് സ്മാർട്ട് ആകുകയാണ്.

അമീബിക് മസ്തിഷ്ക ജ്വരം ചികിത്സയിലും പ്രതിരോധത്തിലും കേരളം വലിയ പ്രവർത്തനങ്ങളാണ് നടത്തി വരുന്നത്. ഐ.സി.എം.ആർ സഹകരണത്തോടെ പഠനങ്ങൾ തുടരുന്നു.

**പുരസ്കാരത്തിന് അർഹരായ എല്ലാവരേയും മന്ത്രി അഭിനന്ദിച്ചു.**

തദ്ദേശ സ്ഥാപനങ്ങൾ പൊതുജനാരോഗ്യ രംഗത്ത് വലിയ ഇടപെടലുകളാണ് നടത്തി വരുന്നതെന്ന് ചടങ്ങിൽ അധ്യക്ഷത വഹിച്ച തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രി എം.ബി. രാജേഷ് പറഞ്ഞു. ആരോഗ്യ രംഗ

(പേജ് 5ൽ തുടർന്നു വായിക്കുക)



6 അവയവങ്ങൾ ദാനം ചെയ്തു

# ആറു പേർക്ക് പുതുജീവനേകിയ അജിതയ്ക്ക് വിട



തിരുവനന്തപുരം: മസ്തിഷ്ക മരണത്തെ തുടർന്ന് അവയവങ്ങൾ ദാനം ചെയ്ത കോഴിക്കോട് സ്വദേശിനി കെ. അജിതയുടെ ഹൃദയം ഇനി മറ്റൊരാളിൽ മിടിക്കും. കോഴിക്കോട് മെട്രോ ഹോസ്പിറ്റലിൽ ചികിത്സയിൽ കഴിയുന്ന കോഴിക്കോട് സ്വദേശിനിയായ 44 വയസുകാരിയിലാണ് ഹൃദയം മിടിക്കുക. തീവ്രദുഃഖത്തിലും അവയവദാനത്തിന് സന്നദ്ധരായ ബന്ധുക്കളെ ആരോഗ്യ വകുപ്പ് മന്ത്രി വീണാ ജോർജ് നന്ദി അറിയിച്ചു. അജിതയ്ക്ക് മന്ത്രി ആദരാഞ്ജലികൾ അർപ്പിക്കുകയും കുടുംബത്തിന്റെ വേദനയിൽ പങ്കുചേരുകയും ചെയ്തു.

കോഴിക്കോട്, ചാലപ്പുറം, വെള്ളിയഞ്ചേരി, പള്ളിയത്ത് വീട്ടിൽ കെ.അജിത (46)യുടെ ഹൃദയം ഉൾപ്പെടെ ആറ് അവയവങ്ങളാണ് ദാനം ചെയ്തത്. ഹൃദയം, കരൾ, 2 വൃക്ക, 2 നേത്രപടലം എന്നിവയാണ് ദാനം ചെയ്തത്. ഒരു വൃക്കയും രണ്ട് നേത്രപടലവും കോഴിക്കോട് സർക്കാർ മെഡിക്കൽ കോളേജിലേക്കും ഒരു വൃക്കയും കരളും കോഴിക്കോട് ബേബി മെമ്മോറിയൽ ആശുപത്രിയിലേക്കുമാണ് നൽകിയത്.

ഹൃദയസ്തംഭനത്തെ തുടർന്ന് 2025 സെപ്റ്റംബർ 28ന് അജിതയെ കോഴിക്കോട് ബേബി മെമ്മോറിയൽ ആശുപത്രിയിൽ പ്രവേശിപ്പിക്കുകയായിരുന്നു. എന്നാൽ ഒക്ടോബർ രണ്ടിന് മസ്തിഷ്ക മരണം സ്ഥിരീകരിക്കുകയായിരുന്നു. തുടർന്ന്, അജിതയുടെ ബന്ധുക്കൾ അവയവദാനത്തിന് സമ്മതം നൽകി. കെ–സോട്ടോയുടെ നേതൃത്വത്തിലാണ് അവയവദാന നടപടിക്രമങ്ങളും ഏകോപനവും പൂർത്തിയായത്.

പി. രവീന്ദ്രനാണ് അജിതയുടെ ഭർത്താവ്. പി.സാരംഗി (TWSI കോഴിക്കോട്), പി. ശരത് എന്നിവരാണ് മക്കൾ. മരുമകൻ മിഥുൻ (ഇന്ത്യൻ ആർമി).




അജിതയുടെ ഹൃദയം ഉൾപ്പെടെ ആറ് അവയവങ്ങളാണ് ദാനം ചെയ്തത്. ഹൃദയം, കരൾ, 2 വൃക്ക, 2 നേത്രപടലം എന്നിവയാണ് ദാനം ചെയ്തത്

4 അവയവങ്ങൾ ദാനം ചെയ്തു

# അമൽ ബാബുവിന്റെ ഹൃദയം ഇനി മറ്റൊരാളിൽ മിടിക്കും




തിരുവനന്തപുരം: വാഹനാപകടത്തെ തുടർന്ന് മസ്തിഷ്ക മരണം സംഭവിച്ച അമൽ ബാബുവിന്റെ ഹൃദയം ഇനി മറ്റൊരാളിൽ മിടിക്കും. എറണാകുളം ലിസി ആശുപത്രിയിൽ ചികിത്സയിൽ കഴിയുന്ന മലപ്പുറം പൊന്നാനി സ്വദേശിയായ 33കാരനിലാണ് ഹൃദയം മിടിക്കുക. തിരുവനന്തപുരം, മലയിൻ കീഴ്, തച്ചോട്ട് കാവ് സ്വദേശി അമൽ ബാബുവിന്റെ (25) ഹൃദയം ഉൾപ്പടെയുള്ള 4 അവയങ്ങളാണ് ദാനം ചെയ്തത്. ഹൃദയം, കരൾ, രണ്ട് വൃക്കകൾ എന്നിവയാണ് ദാനം ചെയ്തത്. ഒരു വൃക്ക തിരുവനന്തപുരം സർക്കാർ മെഡിക്കൽ കോളേജ്, മറ്റൊരു വൃക്കയും കരളും തിരുവനന്തപുരം കിംസ് ആശുപത്രിയിലെ രോഗികൾക്കാണ് നൽകിയത്.

തീവ്രദുഃഖത്തിലും അവയവം ദാനം ചെയ്യാൻ സന്നദ്ധരായ ബന്ധുക്കളെ ആരോഗ്യ വകുപ്പ് മന്ത്രി വീണാ ജോർജ് നന്ദി അറിയിച്ചു. അമൽ ബാബുവിന് ആദരാഞ്ജലികൾ അർപ്പിക്കുകയും അദ്ദേഹത്തിന്റെ കുടുംബത്തിന്റെ ദുഃഖത്തിൽ പങ്കുചേരുന്നതായും മന്ത്രി പറഞ്ഞു. അവയവ വിന്യാസം വേഗത്തിലാക്കിയ കേരള സ്റ്റേറ്റ് ഓർഗൻ ആൻഡ് ടിഷ്യു ട്രാൻസ്പ്ലാന്റ് ഓർഗനൈസേഷൻ (കെസോട്ടോ), പോലീസ് സേന, ജില്ലാ ഭരണകൂടങ്ങൾ, ഡോക്ടർമാർ ഉൾപ്പെടെയുള്ള ജീവനക്കാർ, ആംബുലൻസ് ജീവനക്കാർ, പൊതുജനങ്ങൾ തുടങ്ങിയ എല്ലാവർക്കും മന്ത്രി നന്ദി അറിയിച്ചു.

മന്ത്രി വീണാ ജോർജിന്റെ നിർദേശ പ്രകാരം അവയവങ്ങൾ എത്രയും പെട്ടെന്ന് അതാത് ആശുപത്രികളിൽ എത്തിക്കാൻ കെ–സോട്ടോ നടപടി സ്വീകരിച്ചു. എറണാകുളത്ത് എത്രയും പെട്ടെന്ന് ഹൃദയം എത്തിക്കാൻ മുഖ്യമന്ത്രിയുടെ നിർദേശ പ്രകാരം ആഭ്യന്തര വകുപ്പിന്റെ ഹെലികോപ്റ്റർ ആണ് ഉപയോഗിച്ചത്. റോഡ് മാർഗമുള്ള ഗതാഗതവും പോലീസ് ക്രമീകരിച്ചിരുന്നു. കെ സോട്ടോയുടെ നേതൃത്വത്തിലാണ് അവയവ കൈമാറ്റ നടപടിക്രമങ്ങളും ഏകോപനവും നടന്നത്.

ഇഞ്ചക്കലിൽ സ്വകാര്യ കമ്പനിയിൽ ജോലി ചെയ്യുകയായിരുന്ന അമൽ ഒക്ടോബർ 12ന് രാത്രി ഒൻപതിന് ജോലി ചെയ്തു മടങ്ങുമ്പോൾ കുണ്ടമൺ കടവിന് സമീപം അമൽ സഞ്ചരിച്ച ബൈക്ക് എതിർ വശത്ത് നിന്ന് വന്ന കാറുമായി കൂട്ടി ഇടിക്കുകയായിരുന്നു. ഗുരുതരമായി പരിക്കേറ്റ അമലിനെ ഉടൻ തന്നെ തിരുവനന്തപുരത്തെ സ്വകാര്യ ആശുപത്രിയിൽ എത്തിക്കുകയുമായിരുന്നു. ഒക്ടോബർ 15ന് മസ്തിഷ്ക മരണം സ്ഥിരീകരിച്ചതിനെ തുടർന്ന് കുടുംബാംഗങ്ങൾ അവയവദാനത്തിന് സന്നദ്ധരാവുകയായിരുന്നു.

അച്ഛൻ എ. ബാബു (റിട്ട. എസ്.ഐ), അമ്മ ഷിംല ബാബു, സഹോദരി ആര്യ എന്നിവരാണ് അമൽ ബാബുവിന്റെ കുടുംബാംഗങ്ങൾ.

രാത്രി പകലാക്കി: അവയവം മാറ്റിവയ്ക്കൽ ശസ്ത്രക്രിയയിൽ

# പുതു ചരിത്രമെഴുതി കോട്ടയം മെഡിക്കൽ കോളേജ്

- ഇന്ത്യയിൽ ആദ്യമായി സർക്കാർ മേഖലയിൽ ഒറ്റ ദിവസം 3 പ്രധാന അവയവങ്ങൾ മാറ്റിവച്ചു
- എയിംസിന് ശേഷം സർക്കാർ മേഖലയിൽ ആദ്യമായി ശ്വാസകോശം മാറ്റിവച്ചു




തിരുവനന്തപുരം: അവയവം മാറ്റിവയ്ക്കൽ ശസ്ത്രക്രിയയിൽ കോട്ടയം സർക്കാർ മെഡിക്കൽ കോളേജ് രാജ്യത്തിന് തന്നെ മാതൃകയായി. ഇന്ത്യയിൽ ആദ്യമായി ഒറ്റ ദിവസം ഹൃദയം, ശ്വാസകോശം, വൃക്ക എന്നിങ്ങനെ 3 പ്രധാന അവയവങ്ങൾ മാറ്റിവയ്ക്കുന്ന സർക്കാർ ആശുപത്രിയായി കോട്ടയം മെഡിക്കൽ കോളേജ് മാറി. ഡൽഹി എയിംസിന് ശേഷം സർക്കാർ മേഖലയിൽ ശ്വാസകോശം മാറ്റിവച്ചതും ആദ്യമായാണ്. പതിനൊന്നാമത്തെ ഹൃദയം മാറ്റിവയ്ക്കൽ ശസ്ത്രക്രിയയും കൂടിയാണ് കോട്ടയം മെഡിക്കൽ കോളേജിൽ നടന്നത്. ഹൃദയം, ശ്വാസകോശം മാറ്റിവയ്ക്കൽ ശസ്ത്രക്രിയകൾക്ക് നേതൃത്വം നൽകിയത് പ്രശസ്ത കാർഡിയോ തൊറാസിക് വിദഗ്ധനും സൂപ്രണ്ടുമായ ഡോ. ടി.കെ. ജയകുമാറും വൃക്ക മാറ്റിവയ്ക്കൽ ശസ്ത്രക്രിയയ്ക്ക് നേതൃത്വം നൽകിയത് ഡോ. രാജീവനുമാണ്. ശസ്ത്രക്രിയകൾക്ക് നേതൃത്വം നൽകിയ മുഴുവൻ ടീമിനേയും ആരോഗ്യ വകുപ്പ് മന്ത്രി വീണാ ജോർജ് അഭിനന്ദിച്ചു.

കോട്ടയം മെഡിക്കൽ കോളേജിൽ മസ്തിഷ്ക മരണം സംഭവിച്ച തിരുവനന്തപുരം പൂഴനാട് കാവിൻപുറത്ത് വീട്ടിൽ എ.ആർ. അനീഷിന്റെ (38) അവയവങ്ങളാണ് ദാനം ചെയ്തത്. 8 അവയവങ്ങളാണ് ദാനം ചെയ്തത്. അതിൽ ഒരു വൃക്കയും ഹൃദയവും ശ്വാസകോശവും രണ്ട് നേത്രപടലങ്ങളും കോട്ടയം മെഡിക്കൽ കോളേജിലെ രോഗികൾക്കാണ് ലഭിച്ചത്.

ഡോക്ടർമാർ, നഴ്സുമാർ, പെർഫ്യൂഷനിസ്റ്റുകൾ, ടെക്നീഷ്യൻമാർ, മറ്റ് ജീവനക്കാർ ഉൾപ്പെടെ 50 ഓളം പേരാണ് രാത്രി പകലാക്കി 3 മേജർ ശസ്ത്രക്രിയകൾക്ക് നേതൃത്വം നൽകിയത്. 3 ഓപ്പറേഷൻ തീയറ്ററുകളിൽ 3 ടീമുകളാണ് ശസ്ത്രക്രിയ നടത്തിയത്. ഇന്നലെ വൈകുന്നേരം 6 മണിയോടെയാണ് ദാതാവിൽ നിന്നുള്ള അവയവങ്ങൾ സ്വീകരിക്കാനുള്ള ശസ്ത്രക്രിയ ആരംഭിച്ചത്. തുടർന്ന് 9 മണിയോടെ സ്വീകർത്താക്കൾക്ക് അവയവം മാറ്റിവയ്ക്കുന്ന 3 ശസ്ത്രക്രിയകളും ആരംഭിച്ചു. പുലർച്ചെ 2 മണിയോളം നീളുന്നതായിരുന്നു ശസ്ത്രക്രിയകൾ. തൃശൂർ സ്വദേശിയായ 59 വയസുകാരന് ഹൃദയവും കോട്ടയം സ്വദേശിനിയായ 27 വയസുകാരിക്ക് ശ്വാസകോശവും പത്തനംതിട്ട സ്വദേശിയായ 38 വയസുകാരന് വൃക്കയും വച്ചുപിടിപ്പിച്ചു. ശസ്ത്രക്രിയ വിജയകരമാണെന്ന് ഡോക്ടർമാർ അറിയിച്ചു.

പുതുതായി ആരംഭിച്ച

# എല്ലാ നഴ്സിംഗ് കോളേജുകൾക്കും അംഗീകാരം: മന്ത്രി വീണാ ജോർജ്



**പത്തനംതിട്ട സർക്കാർ നഴ്സിംഗ് കോളേജിന് ഇന്ത്യൻ നഴ്സിംഗ് കൗൺസിൽ അംഗീകാരം**

തിരുവനന്തപുരം: പത്തനംതിട്ട സർക്കാർ നഴ്സിംഗ് കോളേജിന് ഇന്ത്യൻ നഴ്സിംഗ് കൗൺസിലിന്റെ അംഗീകാരം ലഭിച്ചതായി ആരോഗ്യ വകുപ്പ് മന്ത്രി വീണാ ജോർജ്. ഇതോടെ പുതുതായി ആരംഭിച്ച എല്ലാ സർക്കാർ, സർക്കാർ അനുബന്ധ നഴ്സിംഗ് കോളേജുകൾക്കും അനുമതി ലഭ്യമായി. ഈ സർക്കാരിന്റെ കാലത്ത് 22 സർക്കാർ, സർക്കാർ അനുബന്ധ നഴ്സിംഗ് കോളേജുകളാണ് ആരംഭിച്ചത്. 4 മെഡിക്കൽ കോളേജുകൾക്കും അനുമതി ലഭിച്ചിരുന്നു. ഇതോടെ എല്ലാ ജില്ലകളിലും മെഡിക്കൽ കോളേജും നഴ്സിംഗ് കോളേജും ഉള്ള സംസ്ഥാനമായി കേരളം മാറിയെന്നും മന്ത്രി വ്യക്തമാക്കി.

ഇടുക്കി, വയനാട്, പാലക്കാട്, കാസർഗോഡ്, പത്തനംതിട്ട, തിരുവനന്തപുരം ജനറൽ ആശുപത്രി ക്യാമ്പസ്, കൊല്ലം, മഞ്ചേരി എന്നിവിടങ്ങളിലാണ് ഈ സർക്കാരിന്റെ കാലത്ത് സർക്കാർ മേഖലയിൽ നഴ്സിംഗ് കോളേജ് ആരംഭിച്ചത്. സർക്കാർ അനുബന്ധ മേഖലയിൽ സിമെറ്റിന്റെ കീഴിൽ നെയ്യാറ്റിൻകര, വർക്കല, കോന്നി, നൂറനാട്, താനൂർ, തളിപ്പറമ്പ്, ധർമ്മടം, ചവറ എന്നിവിടങ്ങളിലും, CAPE-ന്റെ കീഴിൽ ആറന്മുള, ആലപ്പുഴ, പത്തനാപുരം എന്നിവിടങ്ങളിലും, CPASന്റെ കീഴിൽ കാഞ്ഞിരപ്പള്ളി, സീതത്തോട്, കൊട്ടാരക്കര എന്നിവിടങ്ങളിലുമാണ് നഴ്സിംഗ് കോളേജുകൾ ആരംഭിച്ചത്. സ്വകാര്യ മേഖലയിൽ 20 നഴ്സിംഗ് കോളേജുകളും ആരംഭിക്കാനുള്ള അനുമതി നൽകി.

സർക്കാർ മേഖലയിൽ 478 ബി.എസ്.സി. നഴ്സിംഗ് സീറ്റുകളിൽ നിന്ന് 1130 സീറ്റുകളാക്കി വർധിപ്പിച്ചു. ആകെ 10,000 ലധികം ബി.എസ്.സി. നഴ്സിംഗ് സീറ്റുകളാക്കി വർധിപ്പിച്ചു. ഈ കാലഘട്ടത്തിൽ കുട്ടികൾക്ക് സംസ്ഥാനത്ത് തന്നെ മെറിറ്റിൽ പഠിക്കാനുള്ള സാഹചര്യം ഒരുക്കാനായി. നഴ്സിംഗ് വിദ്യാഭ്യാസ രംഗത്ത് വളരെയധികം മുന്നേറ്റം കൈവരിക്കാനായി. എം.എസ്.സി. മെന്റൽ ഹെൽത്ത് നഴ്സിംഗ് കോഴ്സ് തിരുവനന്തപുരം, ആലപ്പുഴ, എറണാകുളം നഴ്സിംഗ് കോളേജുകളിലും പോസ്റ്റ് ബേസിക് ബി.എസ്.സി. നഴ്സിംഗ് കോഴ്സ് കോട്ടയം നഴ്സിംഗ് കോളേജിലും ഈ സർക്കാരിന്റെ കാലത്ത് ആരംഭിച്ചു. ട്രാൻസ്ജെൻഡർ വ്യക്തികൾക്ക് നഴ്സിംഗ് മേഖലയിൽ സംവരണം അനുവദിക്കുകയും ചെയ്തു.

(പേജ് ഒന്നിൽ നിന്നും തുടർച്ച)

# ഈ കാലഘട്ടത്തിൽ നടന്നത് സമാനതകളില്ലാത്ത വികസനം



ത്ത് തദ്ദേശ സ്ഥാപനങ്ങൾ നൽകുന്ന പിന്തുണ ദൃശ്യമാണ്. ജനങ്ങളെ ബാധിക്കുന്ന എല്ലാ മേഖലകളിലും തദ്ദേശ സ്ഥാപനങ്ങൾക്ക് ഉത്തരവാദിത്തമുണ്ട്. ആ ഉത്തരവാദിത്തം ഭംഗിയായി നിർവഹിക്കുന്നുണ്ടെന്നും മന്ത്രി പറഞ്ഞു.

2022–23, 2023–24 വർഷങ്ങളിലെ ആർദ്രകേരളം പുരസ്കാരം, 2022–2023, 2023–2024, 2024–2025 വർഷങ്ങളിലെ കായകൽപ്പ് പുരസ്കാരം, എം.ബി.എച്ച്.എഫ്.ഐ. അവാർഡ്, 2022–2023, 2023–2024 വർഷങ്ങളിലെ നഴ്സസ് അവാർഡ് എന്നിവയുടെ വിതരണം, നിർണയ ഹബ് ആന്റ് സ്പോക്ക് മോഡൽ സംസ്ഥാനതല ഉദ്ഘാടനം, പി.എച്ച്. ആപ്പ്, കാസ്പ് ഹെൽത്ത് മൊബൈൽ ആപ്പ് & വെബ് പോർട്ടൽ, ശ്രുതി തരംഗം പദ്ധതിയുടെ ലോഗോ– വെബ് പോർട്ടൽ പ്രകാശനം എന്നിവയും നടന്നു.

ആന്റണി രാജു എം.എൽ.എ, ആരോഗ്യ വകുപ്പ് അഡീഷണൽ സെക്രട്ടറി ഷീബാ ജോർജ്, എൻ.എച്ച്.എം സ്റ്റേറ്റ് മിഷൻ ഡയറക്ടർ അഫ്സാന പർവിൻ, എസ്.എച്ച്.എം എക്സിക്യൂട്ടീവ് ഡയറക്ടർ ഡോ. അരുൺ എസ് നായർ, നഗരസഭ മേയർ ആര്യ രാജേന്ദ്രൻ, ഡെപ്യൂട്ടി മേയർ പി.കെ രാജു, ആരോഗ്യ വകുപ്പ് ഡയറക്ടർ ഡോ. കെ.ജെ റീന, മെഡിക്കൽ വിദ്യാഭ്യാസ വകുപ്പ് ഡയറക്ടർ ഡോ. വിശ്വനാഥൻ, ഹോമിയോപ്പതി വകുപ്പ് ഡയറക്ടർ ഡോ. എം.പി. ബീന, ഐ.എസ്.എം. ഡയറക്ടർ ഡോ. കെ.എസ്. പ്രിയ, ജില്ലാ മെഡിക്കൽ ഓഫീസർ ഡോ. ബിന്ദുമോഹൻ, എൻ.എച്ച്.എം. സ്റ്റേറ്റ് പ്രോഗ്രാം മാനേജർ ഡോ. ബിജോയ്, ജില്ലാ പ്രോഗ്രാം മാനേജർ ഡോ. അനോജ് എന്നിവർ പങ്കെടുത്തു.

(പേജ് ഒന്നിൽ നിന്നും തുടർച്ച)

# കേരളത്തെ ഹെൽത്ത് ഹബ്ബാക്കി മാറ്റുക ലക്ഷ്യം



ധം ശക്തിപ്പെടുത്തുന്നു.

മെഡിക്കൽ കോളേജുകളെ പൂർണമായും ടെർഷ്യറി കെയറുകളാക്കും. ചികിത്സാ മേഖലയിലെന്ന പോലെ അക്കാദമിക് രംഗത്തും മുന്നേറ്റം നടത്തും. ആയുർവേദ രംഗത്ത് അന്താരാഷ്ട്ര ആയുർവേദ ഗവേഷണ കേന്ദ്രം വലിയ മുന്നേറ്റമുണ്ടാക്കും.

കേരളത്തെ ഹെൽത്ത് ഹബ്ബാക്കി മാറ്റുകയാണ് ലക്ഷ്യം. അതിനായുള്ള പ്രവർത്തനങ്ങളാണ് നടത്തുന്നത്. എ.എം.ആർ പ്രതിരോധത്തിൽ രാജ്യത്തിന് മാതൃകയായ പ്രവർത്തനങ്ങളാണ് നടത്തി വരുന്നത്. ആരോഗ്യ രംഗത്തെ സംബന്ധിച്ച് ശാസ്ത്രീയമല്ലാത്ത തെറ്റായ കാര്യങ്ങൾ പ്രചരിപ്പിക്കരുതെന്നും മന്ത്രി അഭ്യർത്ഥിച്ചു.

'ആരോഗ്യ രംഗത്തെ കഴിഞ്ഞ ദശകത്തിലെ നേട്ടങ്ങൾ' ആരോഗ്യ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി ഡോ. രാജൻ എൻ ഖോബ്രഗഡെ അവതരിപ്പിച്ചു. പ്ലാനിംഗ് ബോർഡ് അംഗം ഡോ. പി.കെ ജമീല, എസ്.എച്ച്.എ. എക്സി. ഡയറക്ടർ ഡോ. അരുൺ എസ്. നായർ, ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് ജോർജ് എബ്രഹം, ആരോഗ്യ വകുപ്പ് അഡീഷണൽ സെക്രട്ടറി ഷീബ ജോർജ്, നാഷണൽ ആയുഷ് മിഷൻ സ്റ്റേറ്റ് മിഷൻ ഡയറക്ടർ ഡോ. സജിത് ബാബു, ഔഷധി ചെയർപേഴ്സൺ ശോഭനാ ജോർജ്, എൻ.എച്ച്.എം. സ്റ്റേറ്റ് മിഷൻ ഡയറക്ടർ ഡോ. വിനയ് ഗോയൽ, ആരോഗ്യ വകുപ്പ് ഡയറക്ടർ ഡോ. കെ.ജെ റീന, മെഡിക്കൽ വിദ്യാഭ്യാസ വകുപ്പ് ഡയറക്ടർ ഡോ. വിശ്വനാഥൻ, ഭാരതീയ ചികിത്സാ വകുപ്പ് ഡയറക്ടർ ഡോ കെ.എസ് പ്രിയ, ആയുർവേദ വിദ്യാഭ്യാസ വകുപ്പ് ഡയറക്ടർ ഡോ. ടി.ഡി ശ്രീകുമാർ, ഹോമിയോപ്പതി വകുപ്പ് ഡയറക്ടർ ഡോ. എം.പി. ബീന, ഹോമിയോപ്പതി പ്രിൻസിപ്പൽ ആന്റ് കൺട്രോളിംഗ് ഓഫീസർ ഡോ. ടി.കെ. വിജയൻ, ഡ്രഗ്സ് കൺട്രോളർ ഡോ. സുജിത് കുമാർ തുടങ്ങിയവർ പങ്കെടുത്തു.

വിവരങ്ങൾ ഒറ്റ ക്ലിക്കിൽ

# ആരോഗ്യ വകുപ്പിന് പുതിയ വെബ്പോർട്ടൽ




ഔദ്യോഗിക വെബ്പോർട്ടൽ ആരോഗ്യ വകുപ്പ് മന്ത്രി വീണാ ജോർജ് പ്രകാശനം ചെയ്യുന്നു.

പത്തനംതിട്ട: സംസ്ഥാനത്തെ ആരോഗ്യ വിവരം സംബന്ധിച്ച ഔദ്യോഗിക വെബ്പോർട്ടൽ ആരോഗ്യ വകുപ്പ് മന്ത്രി വീണാ ജോർജ് തിരുവല്ല ബിലിവേഴ്സ് കൺവെൻഷൻ സെന്ററിൽ പ്രകാശനം ചെയ്തു. ആരോഗ്യ വകുപ്പ് അഡിഷണൽ ചീഫ് സെക്രട്ടറി രാജൻ എൻ ഖോബ്രഗഡെ വിവരണം നടത്തി. ആരോഗ്യവകുപ്പ് സംഘടിപ്പിച്ച 'വിഷൻ 2031' എന്ന ആരോഗ്യ സെമിനാറിലായിരുന്നു പ്രകാശനം. health.kerala.gov.in എന്നതാണ് പോർട്ടലിന്റെ അഡ്രസ്. സി–ഡിറ്റ് ആണ് പോർട്ടൽ നിർമിച്ചത്.

ആരോഗ്യമേഖലയിലെ നേട്ടം, പ്രവർത്തനം, ആധികാരിക വിവരം, ബോധവൽകരണം തുടങ്ങിയവ ലോകത്തിന്റെ വിവിധ ഭാഗങ്ങളിലുള്ളവരിലും ഗവേഷകരിലും എത്തിക്കുകയാണ് പോർട്ടലിന്റെ ലക്ഷ്യം. ആരോഗ്യ കുടുംബക്ഷേമ വകുപ്പിന് കീഴിലുള്ള 10 വകുപ്പുകൾ, 30 സ്ഥാപനങ്ങൾ എന്നിവയുടെ വെബ്സൈറ്റുകളെ കോർത്തിണക്കിയാണ് പോർട്ടൽ ഒരുക്കിയത്. ഡാഷ്ബോർഡിൽ കേരളത്തിന്റെ ആരോഗ്യരംഗത്തെ ജനസംഖ്യ പരിവർത്തനം സംബന്ധിച്ച ഗ്രാഫുകൾ, ടേബിളുകൾ എന്നിവ ഉൾപ്പെടുത്തിയിട്ടുണ്ട്. ആരോഗ്യ മേഖല സംബന്ധിച്ച് ജനങ്ങൾക്കാവശ്യമുള്ള നിയമങ്ങൾ, മാർഗനിർദേശങ്ങൾ, ഉത്തരവുകൾ എന്നിവയും ലഭ്യമാണ്.

ആരോഗ്യ വിവരങ്ങൾക്ക് പുറമെ പ്രധാനപ്പെട്ട ബോധവൽകരണ പോസ്റ്ററുകൾ, വീഡിയോകൾ എന്നിവയുമുണ്ട്. ബോധവൽകരണം ശക്തമാക്കാൻ പോർട്ടലിനോടനുബന്ധിച്ച് പ്രത്യേക ഫേസ്ബുക് പേജ്, യൂട്യൂബ് ചാനൽ , എക്സ് പേജ് , ഇൻസ്റ്റഗ്രാം പേജ് എന്നിവയും ആരംഭിച്ചിട്ടുണ്ട്.

ഒരാളും രോഗത്തിന് മുന്നിൽ

# നിസ്സഹായരാവരുതെന്നത് സർക്കാരിന്റെ ലക്ഷ്യം – മന്ത്രി വീണാ ജോർജ്




എടവണ്ണ ബ്ലോക്ക് കുടുംബാരോഗ്യ കേന്ദ്രത്തിന്റെ പുതിയ കെട്ടിടത്തിന്റെ ശിലാസ്ഥാപനം ആരോഗ്യ വകുപ്പ് മന്ത്രി വീണാ ജോർജ് നിർവഹിക്കുന്നു.

മലപ്പുറം: ഒരാളും രോഗത്തിന് മുന്നിൽ നിസഹായരാവരുത് എന്നതാണ് സർക്കാർ ലക്ഷ്യമിടുന്നതെന്ന് ആരോഗ്യ വകുപ്പ് മന്ത്രി വീണാ ജോർജ്. എടവണ്ണ ബ്ലോക്ക് കുടുംബാരോഗ്യ കേന്ദ്രത്തിന്റെ പുതിയ കെട്ടിടത്തിന്റെ ശിലാസ്ഥാപനം നിർവഹിച്ച് സംസാരിക്കുകയായിരുന്നു മന്ത്രി. ആശുപത്രികളുടെ അടിസ്ഥാന വികസനമായിരുന്നു ആർദ്രം മിഷൻ ഒന്നാം ഘട്ടത്തിന്റെ ലക്ഷ്യം. എന്നാൽ ഈ സൗകര്യങ്ങളോടൊപ്പം തന്നെ ജനങ്ങളുടെ ജീവിത നിലവാരം ഉയർത്തുക എന്നതാണ് ആർദ്രം മിഷൻ രണ്ടാം ഘട്ടം ലക്ഷ്യമിട്ടത്. ഒരുപരിധി വരെ അത് നടപ്പിലാക്കാൻ ഈ സർക്കാരിന് സാധിച്ചു. ജനങ്ങൾക്ക് ഏറ്റവും മികച്ച ചികിത്സ സൗകര്യങ്ങൾ ഒരുക്കുകയും അത് ലഭ്യമാക്കുകയും ചെയ്യുന്നതിനുള്ള ഇടപെടലുകളാണ് സർക്കാർ നടത്തുന്നതെന്നും മന്ത്രി പറഞ്ഞു.

പതിനഞ്ചാം ധനകാര്യ കമ്മീഷൻ ഹെൽത്ത് ഗ്രാന്റിൽ ഉൾപ്പെടുത്തി 5.75 കോടി രൂപ ചെലവിലാണ് പുതിയ കെട്ടിടം നിർമിക്കുന്നത്. ഒ പി, ഫാർമസി, വിഷൻ സെന്റർ, കൗൺസിലിംഗ് സെന്റർ, പബ്ലിക് ഹെൽത്ത് യൂണിറ്റ് എന്നീ സൗകര്യങ്ങൾ പുതിയ കെട്ടിടത്തിൽ സജ്ജമാക്കും. ആശുപത്രി പരിസരത്ത് നടന്ന ചടങ്ങിൽ പി.കെ. ബഷീർ എം എൽ.എ അധ്യക്ഷത വഹിച്ചു.

ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് റുഖിയ ഷംസു, എടവണ്ണ ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് ടി. അഭിലാഷ്, ബ്ലോക്ക് പഞ്ചായത്ത് വൈസ് പ്രസിഡന്റ് അസ്സം മാസ്റ്റർ, സ്ഥിരം സമിതി അംഗങ്ങളായ കെ.സി. ഗഫൂർ ഹാജി, ജില്ലാ പഞ്ചായത്ത് ഡിവിഷൻ മെമ്പർ റൈഹാനത്ത് കുറുമാടൻ, ബ്ലോക്ക് പഞ്ചായത്ത് അംഗങ്ങളായ സുനീറ സമദ്, ഹരിദാസ് പുൽപറ്റ, മലപ്പുറം ജില്ലാ മെഡിക്കൽ ഓഫീസർ (ആരോഗ്യം) ഡോ. ആർ. രേണുക, ആരോഗ്യ കേരളം ജില്ല പ്രോഗ്രാം മാനേജർ ഡോ. ടി.എൻ. അനൂപ്, ഡെപ്യൂട്ടി ജില്ലാ മെഡിക്കൽ ഓഫീസർ എ. ഷിബുലാൽ, ബ്ലോക്ക് ബി.ഡി.ഒ. കെ.എസ്. ഷാജു, എടവണ്ണ ബി.എച്ച്.എസ്.സി മെഡിക്കൽ ഓഫീസർ ഡോ. എം. സുരേഷ്, രാഷ്ട്രീയ പാർട്ടി പ്രതിനിധികൾ തുടങ്ങിയവർ പങ്കെടുത്തു. പ്രദേശവാസികൾക്ക് വേണ്ടി സംഗീത വിരുന്നും സംഘടിപ്പിച്ചു.

ദത്തെടുക്കൽ കേന്ദ്രത്തിൽ ഇപ്പോഴുള്ളത് 70 കുഞ്ഞുങ്ങൾ

# അമ്മത്തൊട്ടിലിൽ എത്തുന്ന കുരുന്ന് ജീവനുകൾ ഇവിടെ സുഭദ്രം



തിരുവനന്തപുരം: നഗരത്തിന്റെ പല കോണുകളിൽ മണിക്കൂറുകൾ ഇടവിട്ട് അലാറങ്ങൾ മുഴങ്ങും. അവ വൻകിട ഫാക്ടറികളിൽ നിന്നാകാം, ചിലത് അലാറം പോലെ തോന്നിപ്പിക്കുന്ന തീവണ്ടികളുടെ ചൂളം വിളികളുമാകാം. എന്നാൽ വ്യാവസായിക പ്രദേശമല്ലാത്ത തിരുവനന്തപുരം തൈക്കാട് നിന്നും ഇടയ്ക്കൊക്കെ അലാറം കേൾക്കാറുണ്ട്. ശബ്ദം കേട്ടാലുടൻ അധികൃതർ ഓടിയെത്തും. അതെന്തിനാണെന്നോ? അമ്മത്തൊട്ടിലിൽ എത്തിയ പുതിയ കുഞ്ഞതിഥിയെ ഏറ്റെടുക്കാൻ.

എന്നാൽ മറുവശത്ത് അമ്മത്തൊട്ടിലിൽ അലാറം മുഴങ്ങുമ്പോൾ മനസ്സിനുള്ളിൽ ഒരു വിങ്ങലാണ്. അമ്മയുടെയും അച്ഛന്റെയും സ്നേഹച്ചൂടേറ്റ് വളരേണ്ട പ്രായത്തിൽ ഒറ്റപ്പെടുന്ന അവസ്ഥ. ഇങ്ങനെ നിരാലംബരും ഉപേക്ഷിക്കപ്പെട്ടവരുമായ കുട്ടികൾക്ക് മെച്ചപ്പെട്ട ജീവിത സാഹചര്യം ഒരുക്കി നൽകുന്ന കേന്ദ്രമാണ് സംസ്ഥാന ശിശുക്ഷേമ സമിതി. ഇവിടെ അവർ സനാഥരാണ്. ഇവിടെ എത്തുന്ന ഓരോ കുരുന്നുകൾക്കും ആരോഗ്യ പരിചരണം, ഭക്ഷണം, വിദ്യാഭ്യാസം തുടങ്ങിയ സേവനങ്ങളെല്ലാം സൗജന്യമായി ലഭ്യമാക്കുന്നു.

> ദിവസങ്ങൾ മാത്രം പ്രായമായ കുഞ്ഞുങ്ങളെ പരിചരിക്കുന്നതിന് തൈക്കാട് ആശുപത്രിയിലെ ആരോഗ്യ പ്രവർത്തകർ കെയർ ടേക്കർമാർക്ക് കൃത്യമായ ഇടവേളകളിൽ പരിശീലനവും നൽകി വരുന്നു

കേരള സംസ്ഥാന ശിശുക്ഷേമ സമിതിയിൽ അഞ്ച് വയസ്സ് വരെയുള്ള കുഞ്ഞുങ്ങളുള്ള ദത്തെടുക്കൽ കേന്ദ്രത്തിൽ 70 പേരും, 18 വയസ്സ് വരെയുള്ള പെൺകുട്ടികളുള്ള ബാലികാ മന്ദിരത്തിൽ 37 കുട്ടികളും, അഞ്ച് വയസ്സിന് മുകളിലുള്ള കുട്ടികളെ സംരക്ഷിക്കുന്ന ചൈൽഡ് കെയർ കേന്ദ്രത്തിൽ 40 കുട്ടികളുമാണ് നിലവിലുള്ളത്. ഈ കുഞ്ഞുങ്ങൾക്ക് മികച്ച ആരോഗ്യ സേവനങ്ങൾ നൽകുന്നതിന് ചുക്കാൻ പിടിക്കുന്നത് സർക്കാർ ആശുപത്രികളാണ്. അമ്മത്തൊട്ടിലിൽ എത്തുന്ന കുഞ്ഞുങ്ങൾക്ക് ആദ്യം നൽകേണ്ടത് ആരോഗ്യ പരിചരണമാണ്. ഇതിനായി ആദ്യം കുഞ്ഞുങ്ങളെ തൈക്കാട് സ്ത്രീകളുടെയും കുട്ടികളുടെയും ആശുപത്രിയിലെത്തിച്ച് പ്രാഥമിക പരിശോധന നടത്തും.

ഞായറാഴ്ച ഒഴികെ എല്ലാ ദിവസങ്ങളിലും ശിശുരോഗ വിദഗ്ധരുടെ സേവനം ലഭ്യമാണ്. മാസത്തിലെ രണ്ടാമത്തെ ചൊവ്വാഴ്ച ന്യൂറോളജിസ്റ്റിന്റെയും ഒഫ്താൽമോളജിസ്റ്റിന്റെയും പ്രത്യേക ഒ.പി. സേവനങ്ങൾ നൽകുന്നു. കുട്ടികളുടെ ദത്തെടുക്കൽ നടപടികൾക്ക് ആവശ്യമായ ആരോഗ്യ പരിശോധനയും പ്രത്യേക പരിചരണം ആവശ്യമായ കുട്ടികൾക്ക് ആരോഗ്യ സംരക്ഷണവും ഡോക്ടർമാർ ഉറപ്പാക്കുന്നു. ഇതുകൂടാതെ പ്രത്യേക പരിചണം ആവശ്യമുള്ള കുട്ടികളെ തൈക്കാട് സ്ത്രീകളുടെയും കുട്ടികളുടെയും ആശുപത്രിയിൽ പ്രവർത്തിക്കുന്ന ഡി.ഇ.ഐ.സി, മെഡിക്കൽ കോളജിലെ സി.ഡി.സി. എന്നിവിടങ്ങളിൽ വിദഗ്ധ ചികിത്സയ്ക്കായി എത്തിക്കുകയും ആവശ്യമായ ചികിത്സയും ലഭ്യമാക്കുന്നു. മാസത്തിലെ ആദ്യ ശനിയാഴ്ച തൈക്കാട് സ്ത്രീകളുടെയും കുട്ടികളുടെയും ആശുപത്രിയിലെ ഡയറ്റീഷ്യന്റെ സേവനവും നാലാം ശനിയാഴ്ച ഡോക്ടർ, ജെ.പി.എച്ച്.എൻ. എന്നിവരുടെ നേതൃത്വത്തിൽ കുഞ്ഞുങ്ങൾക്ക് വാക്സിനേഷനും നൽകുന്നു.

നൂറിലേറെ കുട്ടികളെ സംരക്ഷിക്കുന്ന കേന്ദ്രത്തിൽ ശുചിത്വ പരിപാലനത്തിനും വളരെ പ്രാധാന്യമുണ്ട്. ദിവസങ്ങൾ മാത്രം പ്രായമായ കുഞ്ഞുങ്ങളെ പരിചരിക്കുന്നതിന് തൈക്കാട് ആശുപത്രിയിലെ ആരോഗ്യ പ്രവർത്തകർ കെയർ ടേക്കർമാർക്ക് കൃത്യമായ ഇടവേളകളിൽ പരിശീലനവും നൽകി വരുന്നു. കുട്ടികളെ പരിചരിക്കേണ്ട വിധം, ആഹാരം നൽകുമ്പോൾ ശ്രദ്ധിക്കേണ്ട കാര്യങ്ങൾ, കൈകളുടെ ശുചിത്വം, വ്യക്തി ശുചിത്വം തുടങ്ങിയ വിഷയങ്ങളിലാണ് പ്രധാനമായും പരിശീലനം. ഏതെങ്കിലും തരത്തിലുള്ള പകർച്ചവ്യാധി ഉണ്ടായാൽ കുട്ടികളെ പ്രത്യേകം മുറിയിലേയ്ക്ക് (ഐസൊലേഷൻ) മാറ്റുകയും പിരിചരണം നൽകുകയും ചെയ്യും. എന്നാൽ ആശുപത്രി പരിചരണം ആവശ്യമുള്ള കുട്ടികളെ തൈക്കാട് സ്ത്രീകളുടെയും കുട്ടികളുടെയും ആശുപത്രിയിലേയ്ക്കും കൂടുതൽ പരിചരണം വേണ്ടവരെ എസ്.എ.റ്റി. യിലേയ്ക്കും ചികിത്സയ്ക്കായി എത്തിയ്ക്കുന്നു.

നാളത്തെ ലോകം എന്താകണമെന്ന് തീരുമാനിക്കുന്നത് ഇന്ന് ജനിക്കുന്ന ഓരോ കുഞ്ഞുമാണ്. എന്നാൽ ജീവിതസാഹചര്യങ്ങൾ ചില കുരുന്നുകളെയെങ്കിലും ഒറ്റപ്പെടുത്തിയേക്കാം. ഈ കുഞ്ഞുങ്ങൾക്കെല്ലാം അവർ അർഹിക്കുന്ന ജീവിതസാഹചര്യം ഒരുക്കുന്നതിന് വേണ്ടിയുള്ള പ്രവർത്തനങ്ങളിൽ ആരോഗ്യ പ്രവർത്തകരും മുഖ്യ പങ്ക് വഹിക്കുന്നു. അവരെ സമൂഹത്തിന്റെ മുഖ്യധാരയിലേയ്ക്ക് കൈപിടിച്ചുയർത്താൻ അവർക്കൊപ്പം നിൽക്കുന്നതിൽ ഓരോ ആരോഗ്യ പ്രവർത്തകർക്കും അഭിമാനിക്കാം.



നാട് ആഘോഷമാക്കി

# വയനാട്ടിൽ ആദ്യ എം.ബി.ബി.എസ് ബാച്ചിന് തുടക്കം

**അമ്പുകുത്തിയിലെ 28 ഏക്കറിൽ മെഡിക്കൽ കോളേജ് ക്യാമ്പസ് ഒരുങ്ങും: മന്ത്രി വീണാ ജോർജ്**




വയനാട്: ഗവ. മെഡിക്കൽ കോളേജിലെ ആദ്യ എം.ബി.ബി.എസ് ബാച്ച് വിദ്യാർത്ഥികളുടെ പ്രവേശനോത്സവം ഒരു നാടിന്റെ ആഘോഷമാക്കി ആരോഗ്യവും വനിതാ ശിശു വികസനവും വകുപ്പ് മന്ത്രി വീണാ ജോർജ് ഉദ്ഘാടനം ചെയ്തു. മാനന്തവാടി അമ്പുകുത്തിയിൽ 28 ഏക്കറിൽ എല്ലാ സൗകര്യങ്ങളോടെയുമുള്ള മെഡിക്കൽ കോളേജ് ക്യാമ്പസ് ഒരുക്കുമെന്നു മന്ത്രി പറഞ്ഞു. വയനാട് മെഡിക്കൽ കോളജിൽ 15 സൂപ്പർ സ്പെഷ്യാലിറ്റി തസ്തികകൾ അനുവദിച്ചതായും മന്ത്രി പറഞ്ഞു.

എം.ബി.ബി.എസ് ആദ്യവർഷ ക്ലാസുകൾ ആരംഭിക്കുന്നതിന് 115 അധ്യാപക തസ്തികകളും 25 അനധ്യാപക തസ്തികകളും ഉൾപ്പെടെ 140 തസ്തികകൾ സൃഷ്ടിച്ചു. നബാർഡിന്റെ സഹായത്തോടെ 45 കോടി ചെലവിൽ മൾട്ടി പർപസ് ബ്ലോക്ക്, സ്റ്റേറ്റ് പ്ലാൻ ഫണ്ട് വിനിയോഗിച്ച് 8.23 കോടി ചെലവിൽ കാത്ത് ലാബ്, ആൻജിയോപ്ലാസ്റ്റി ശസ്ത്രക്രിയകൾ ആശുപത്രിയിൽ ആരംഭിച്ചു. എൻ.എച്ച്.എം ഫണ്ടിൽ നിന്ന് 2.30 കോടി വിനിയോഗിച്ച് ആധുനിക മോർച്ചറി കോംപ്ലക്സ് സാധ്യമാക്കും. ഹഡ്കോയുടെ 70 ലക്ഷം രൂപയുടെ സി.എസ്.ആർ ഫണ്ട് വിനിയോഗിച്ച് സ്കിൽലാബ് സാധ്യമാക്കി. എംഎൽഎ ഫണ്ടിൽ നിന്ന് 18 ലക്ഷം രൂപ വിനിയോഗിച്ച് പവർ ലോൺട്രി, 20.61 ലക്ഷം രൂപയുടെ എൻ.എച്ച്.എം ഫണ്ട് ഉപയോഗിച്ച് ഓക്സിജൻ ജനറേറ്റർ പ്ലാന്റ് എന്നിവയും പൂർത്തിയാക്കി. ലക്ഷ്യ പദ്ധതിയിൽ ഉൾപ്പെടുത്തി ലേബർ റൂം സ്റ്റാന്റേഡൈസേഷൻ നടപ്പാക്കി. ശാക്തീകരണത്തിനായി 34.71 ലക്ഷം രൂപയുടെ എൻ.എച്ച്.എം ഫണ്ട് വകയിരുത്തി. ഇ.സി.ആർ.പി.യിൽ ഉൾപ്പെടുത്തി പീഡിയാട്രിക് ഐ.സി.യു സജ്ജീകരിച്ചു. എൻ.എച്ച്.എം ഫണ്ട് 45 ലക്ഷം ഉപയോഗിച്ച് പീഡിയാട്രിക് ഐ.സി.യു പ്രവർത്തിക്കുന്നതിനാവശ്യമായ 250 കെ.വി.എ ജനറേറ്റർ സ്ഥാപിച്ചു. സംസ്ഥാനത്ത് ആദ്യമായി സിക്കിൾ സെൽ യൂണിറ്റ് പ്രവർത്തനമാരംഭിച്ചത് ജില്ലയിലെ സിക്കിൾ സെൽ രോഗികൾക്ക് ആശ്വാസമായി. ജില്ലയിൽ ആദ്യമായി അരിവാൾ കോശ രോഗിയിൽ ഇടുപ്പ് മാറ്റിവയ്ക്കൽ ശസ്ത്രക്രിയ നടത്തി.

വയനാട് ജില്ലയെ സംസ്ഥാന സർക്കാർ ഏറെ പ്രാധാന്യത്തോടെയാണ് പരിഗണിക്കുന്നതെന്ന് പരിപാടിയിൽ അധ്യക്ഷത വഹിച്ച പട്ടികജാതി – പട്ടികവർഗ– പിന്നാക്ക ക്ഷേമ വകുപ്പ് മന്ത്രി ഒ.ആർ കേളു പറഞ്ഞു.

### ഇരട്ടി മധുരമായി എം.ബി.ബി.എസ് ആദ്യ ബാച്ചിൽ മൂന്ന് വയനാട്ടുകാർ

വയനാട് ഗവ മെഡിക്കൽ കോളജിലെ ആദ്യ എം.ബി.ബി.എസ് ബാച്ചിൽ മൂന്ന് വയനാട്ടുകാർക്ക് പ്രവേശനം ലഭിച്ചത് ജില്ലയ്ക്ക് ഇരട്ടി മധുരമായി. മൂന്നുപേരിൽ ഒരാൾ പട്ടികവർഗ വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥിയാണ്. മാനന്തവാടി സ്വദേശിനിയായ അഖില വിനോദ്, ബത്തേരി സ്വദേശി നിദ ഫാത്തിമ, മീനങ്ങാടി സ്വദേശി നന്ദകിഷോർ എന്നിവരാണ് ആദ്യ ബാച്ചിൽ പ്രവേശനം നേടിയ വയനാട്ടുകാർ. പ്രഥമ എം.ബി.ബി.എസ് ബാച്ചിൽ 17 ആൺകുട്ടികളും 24 പെൺകുട്ടികളുമാണ് ഇതുവരെ പ്രവേശനം നേടിയത്. പ്രവേശന നടപടികൾ നിലവിൽ തുടരുകയാണ്. ഒക്ടോബർ മൂന്നിന് കോളേജിൽ ഓൺലൈനായി ക്ലാസുകൾ ആരംഭിച്ചിരുന്നു. ദേശീയ മെഡിക്കൽ കമ്മീഷന്റെയും കേരള ആരോഗ്യ സർവ്വകലാശാലയുടെയും നിർദേശ പ്രകാരം വിദ്യാർത്ഥികൾക്ക് ഒക്ടോബർ 14 വരെ ഫൗണ്ടേഷൻ കോഴ്സ് നൽകി. 50 എം.ബി.ബി.എസ് സീറ്റുകൾക്കാണ് മെഡിക്കൽ കോളജിൽ അനുമതി ലഭിച്ചത്. ഏഴ് സീറ്റുകൾ അഖിലേന്ത്യാ ക്വാട്ടയിൽ നിന്നുള്ള വിദ്യാർത്ഥികൾക്കും 43 സീറ്റുകൾ കേരള ലിസ്റ്റിൽ നിന്നുള്ള വിദ്യാർത്ഥികൾക്കുമാണ്. മൾട്ടി പർപസ് കെട്ടിടത്തിന്റെ അഞ്ചാം നിലയിലാണ് ക്ലാസുകൾ സജ്ജീകരിച്ചിട്ടുള്ളത്. കെട്ടിടത്തിലെ ഒന്ന്, നാല്, ആറ് നിലകൾ കോളജിനായി പ്രയോജനപ്പെടുത്തും. ലാബ് സൗകര്യങ്ങൾ നാലാം നിലയിലും ഒരുക്കിയിട്ടുണ്ട്.



### മരണാനന്തരം ശരീരം വിട്ടുനൽകാൻ സമ്മതപത്രം നൽകി ജനപ്രതിനിധി

മരണാനന്തരം മെഡിക്കൽ പഠനത്തിനായി സ്വന്തം ശരീരം വിട്ടു നൽകാൻ സമ്മതപത്രം നൽകി മാനന്തവാടി ബ്ലോക്ക്പഞ്ചായത്ത്പ്രസിഡന്റ് ജസ്റ്റിൻ ബേബി. വയനാട് മെഡിക്കൽ കോളേജ് എം.ബി.ബി.എസ് പ്രവേശനോത്സവത്തിന്റെ ഉദ്ഘാടന പരിപാടിയിൽ കോളേജ് പ്രിൻസിപ്പാൾ ഡോ ആർ. ചാന്ദിനിക്ക് സമ്മതപത്രം കൈമാറി. മാർഗനിർദ്ദേശ പ്രകാരമുള്ള രേഖകൾ തയ്യാറാക്കി മെഡിക്കൽ കോളേജ് അനാട്ടമി വിഭാഗത്തിന് കൈമാറി. തുടർനടപടിയായി ബോഡി ഡോണർ തിരിച്ചറിയൽ കാർഡ് ദാതാവിന് നൽകും.

81 പുതിയ മെഡിക്കൽ പിജി സീറ്റുകൾക്ക് എൻഎംസി അനുമതി, സ്റ്റേറ്റ് മെഡിക്കൽ കോളേജുകളിൽ

# രാജ്യത്ത് ആദ്യമായി ന്യൂക്ലിയർ മെഡിസിനിൽ പിജി

തിരുവനന്തപുരം: സംസ്ഥാനത്ത് ആദ്യമായി ന്യൂക്ലിയർ മെഡിസിനിൽ പിജി സീറ്റുകൾ അനുവദിച്ചതായി ആരോഗ്യ വകുപ്പ് മന്ത്രി വീണാ ജോർജ്. കോഴിക്കോട് മെഡിക്കൽ കോളേജിനാണ് സീറ്റുകൾ അനുവദിച്ചത്. രാജ്യത്ത് സ്റ്റേറ്റ് മെഡിക്കൽ കോളേജുകളിൽ ആദ്യമായാണ് ന്യൂക്ലിയർ മെഡിസിന് പിജി പഠനം സാധ്യമാകുന്നത്. മലബാർ കാൻസർ സെന്ററിൽ റേഡിയേഷൻ ഓങ്കോളജിയിൽ പിജി സീറ്റുകൾ അനുവദിക്കപ്പെട്ടു. ന്യൂക്ലിയർ മെഡിസിനിലേയും റേഡിയേഷൻ ഓങ്കോളജിയിലേയും ഉൾപ്പെടെ പിജി സീറ്റുകൾ കേരളത്തിന്റെ കാൻസർ ചികിത്സാ രംഗത്തിന് കൂടുതൽ കരുത്ത് പകരും. 81 പുതിയ മെഡിക്കൽ പി.ജി സീറ്റുകൾക്കാണ് കേരളത്തിന് ഇത്തവണ എൻഎംസി അനുമതി നൽകിയത്. ആലപ്പുഴ മെഡിക്കൽ കോളേജ് 17, എറണാകുളം മെഡിക്കൽ കോളേജ് 15, കണ്ണൂർ മെഡിക്കൽ കോളേജ് 15, കൊല്ലം മെഡിക്കൽ കോളേജ് 30, കോഴിക്കോട് മെഡിക്കൽ കോളേജ് 2, മലബാർ കാൻസർ സെന്റർ (എംസിസി) 2.

മെഡിക്കൽ കോളേജുകൾക്കായി 270 അധ്യാപക തസ്തികകൾ സൃഷ്ടിച്ചിരുന്നു. ഇതിന്റെ കൂടി അടിസ്ഥാനത്തിലാണ് പി.ജി. സീറ്റുകൾ ലഭ്യമായത്. തിരുവനന്തപുരം മെഡിക്കൽ കോളേജിൽ ഇൻഫെക്ഷ്യസ് ഡിസീസ് വിഭാഗത്തിലും, ക്രിട്ടിക്കൽ കെയർ വിഭാഗത്തിലും പിജി സീറ്റുകൾ അനുവദിക്കാനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്.

കോഴിക്കോട് ബീച്ച് ഫുഡ് സ്ട്രീറ്റ് ഒരുങ്ങി

# ഭക്ഷണ പ്രിയരേ ഇതിലേ....



കോഴിക്കോട് ഫുഡ് സ്ട്രീറ്റ് ബഹു. തദ്ദേശ സ്വയംഭരണ എക്സൈസ് വകുപ്പ് മന്ത്രി എം.ബി.രാജേഷ് ഉദ്ഘാടനം ചെയ്ത് സംസാരിക്കുന്നു.

കോഴിക്കോട്: ഭക്ഷണപ്രിയരുടെ നാടായ കോഴിക്കോടിന്റെ രുചി കൂട്ടാൻ സർക്കാരും ഒപ്പം ചേരുന്നു. കേന്ദ്ര ആരോഗ്യ മന്ത്രാലയം, ദേശീയ നഗര ഉപജീവന ദൗത്യം, ദേശീയ ആരോഗ്യ ദൗത്യം, കോഴിക്കോട് കോർപ്പറേഷൻ എന്നിവ സംയുക്തമായി രാജ്യത്തുടനീളം 100 ഫുഡ് സ്ട്രീറ്റുകൾ ആരംഭിക്കുന്നു. ഇതിൽ നാലെണ്ണം കേരളത്തിലാണ്. രുചിയുള്ള ഭക്ഷണത്തിനൊപ്പം ശുചിത്വം ഉറപ്പാക്കുക എന്നതാണ് ഈ പദ്ധതിയുടെ പ്രധാന ലക്ഷ്യം. സുരക്ഷിതവും ശുചിത്വവും ഉള്ള ഭക്ഷണം എളുപ്പത്തിൽ ലഭ്യമാക്കേണ്ടത് പൗരന്മാരുടെ നല്ല ആരോഗ്യത്തിന് അത്യന്താപേക്ഷിതമാണ്. സുരക്ഷിതമായ ഭക്ഷണരീതികൾ പ്രചരിപ്പിക്കുക, ഭക്ഷ്യ സുരക്ഷ പ്രോത്സാഹിപ്പിക്കുക എന്നിവ മാത്രമല്ല പ്രാദേശിക ഭക്ഷ്യ ബിസിനസുകളുടെ ശുചിത്വ വിശ്വാസ്യത മെച്ചപ്പെടുത്തുകയും, പ്രാദേശിക തൊഴിൽ, ടൂറിസം, സമ്പദ് വ്യവസ്ഥ എന്നിവ വർദ്ധിപ്പിക്കുകയും ചെയ്യും.

കോഴിക്കോട് ബീച്ചിൽ 240 മീറ്റർ നീളത്തിൽ 90 സ്റ്റാളുകളായാണ് ഫുഡ് സ്ട്രീറ്റ് ഒരുക്കുന്നത്. ഭക്ഷണവും വെള്ളവും ഉൾപ്പെടെ സൂക്ഷിക്കാൻ ഉള്ള സൗകര്യം, മലിന ജലം സംസ്കരിക്കാൻ ഉള്ള സൗകര്യം ഒപ്പം വൈദ്യുതി സൗകര്യങ്ങൾ എന്നിവ എല്ലാ സ്റ്റാളുകളിലും ഒരുക്കിയിട്ടുണ്ട്. ഡി എർത്ത് ആർക്കിടെക്ച്ചർ ഡിസൈനും പൊതുമേഖല സ്ഥാപനമായ ഷൊർണ്ണൂർ മെറ്റൽ ഇൻഡസ്ട്രീസ് ലിമിറ്റഡ് സ്റ്റാളുകൾ ഒരുക്കുകയും ചെയ്തിട്ടുണ്ട്. കടൽക്കാറ്റിൽ തുരുമ്പ് എടുക്കുന്നത് തടയാൻ പ്രത്യേക സ്റ്റീൽ സ്ട്രക്ചറിൽ ആണ് നിർമ്മാണം. 4.06 കോടി രൂപയാണ് പദ്ധതിക്കുള്ള ചെലവ് വരുന്നത്.

ഫുഡ് സ്ട്രീറ്റ് പ്രവർത്തിച്ച് തുടങ്ങുന്നതോടെ ഈ മേഖല വെൻഡിങ് സോണും മറ്റ് മേഖലകൾ നോൺ വെൻഡിംഗ് സോണുമാകും. യാതൊരുവിധ അനധികൃത കച്ചവടവും ഇവിടെ അനുവദിക്കില്ല. സ്റ്റാൾ ലൈസൻസ്, സ്റ്റാൾ എന്നിവ കൈമാറ്റം ചെയ്യാനോ



വിൽക്കാനോ മേൽവാടകയ്ക്ക് നൽകാനോ അനുവാദമില്ല. കോഴിക്കോട് കോർപ്പറേഷൻ മേയറുടെ അധ്യക്ഷതയിൽ പ്രത്യേക മാനേജ്മെന്റ് കമ്മിറ്റി ഉണ്ടാക്കി സ്ട്രീറ്റിന്റെ പ്രവർത്തനങ്ങൾ നിയന്ത്രിക്കും. ഇതിന്റെ ഭാഗമായി സ്ട്രീറ്റ് മാനേജറുടെ സേവനം ലഭ്യമാക്കും. ശുചീകരണത്തിന് 6 അംഗ സംഘത്തെ ഇതിനോടകം നിയോഗിച്ചിട്ടുണ്ട്. കാലിക്കറ്റ് സർവകലാശാലയിലെ ഫാഷൻ ഡിസൈനിങ് വിദ്യാർത്ഥികളാണ് കച്ചവടക്കാരുടെ യൂണിഫോം മാതൃക ഒരുക്കിയിരിക്കുന്നത്. മികച്ചതും സുരക്ഷിതവുമായ ഭക്ഷണം ലഭ്യമാക്കുന്നതോടെ കോഴിക്കോട് ബീച്ചിന് രാജ്യാന്തര ടൂറിസം ഭൂപടത്തിൽ കൂടുതൽ മെച്ചപ്പെട്ട ഇടം ലഭ്യമാകും ഈ നൂതന ഉദ്യമം 2025 ഒക്ടോബർ 20ന് ബഹു. തദ്ദേശ സ്വയംഭരണ എക്സൈസ് വകുപ്പ് മന്ത്രി എം.ബി.രാജേഷ് നാടിന് സമർപ്പിച്ചു.

ശ്വാസനാളത്തിൽ താക്കോൽ

# ബ്രോങ്കോസ്കോപ്പി കാത്തു!



ആലപ്പുഴ: വയോധികന്റെ ശ്വാസനാളത്തിൽ കുടുങ്ങിയ താക്കോൽ ബ്രോങ്കോസ്കോപ്പി വഴി പുറത്തെടുത്ത് ആലപ്പുഴ മെഡിക്കൽ കോളേജ് ആശുപത്രിയിലെ ഡോക്ടർമാർ. ഹരിപ്പാട് ലക്ഷ്മി ഭവനത്തിൽ 77 വയസ്സുകാരനായ ചെല്ലപ്പൻപിള്ളയുടെ ശ്വാസനാളത്തിൽ കുടുങ്ങിയ താക്കോലാണ് രണ്ട് മണിക്കൂർ നീണ്ട ബ്രോങ്കോസ്കോപ്പി പ്രക്രിയ വഴി പുറത്തെടുത്തത്. ചൊവ്വാഴ്ച വീട്ടിൽ ബോധം നഷ്ടപ്പെട്ട ചെല്ലപ്പൻപിള്ളയെ വീട്ടുകാർ മെഡിക്കൽ കോളേജ് ആശുപത്രിയിൽ എത്തിക്കുകയായിരുന്നു. കഠിനമായ ശ്വാസതടസവും ചുമയും അനുഭവപ്പെട്ട ഇദ്ദേഹത്തെ എക്സ്റേ പരിശോധനയ്ക്ക് വിധേയമാക്കുകയും തുടർന്ന് ശ്വാസനാളത്തിൽ കുടുങ്ങിയ താക്കോൽ കണ്ടെത്തുകയും ചെയ്തു. ചെല്ലപ്പൻ പിള്ളയെ ബുധനാഴ്ച ബ്രോങ്കോസ്കോപ്പിക്ക് വിധേയനാക്കി മൂക്കിലൂടെയോ ശ്വാസനാളത്തിലൂടെയോ ബ്രോങ്കോസ്കോപ്പ് ഉള്ളിൽ കടത്തി അന്യവസ്തുക്കൾ പുറത്തെടുക്കുന്ന പ്രക്രിയയാണിത്. താക്കോൽ ഉള്ളിൽ പോയതെങ്ങനെയെന്ന് അറിയില്ലെന്ന് ചെല്ലപ്പൻ പിള്ള പറഞ്ഞു എന്നാൽ താക്കോൽ ഉള്ളിൽ പോയിട്ട് മാസങ്ങളായെന്നാണ് ഡോക്ടർമാരുടെ കണ്ടെത്തൽ. കാർഡിയോ വാസ്കുലർ വിഭാഗം മേധാവി ഡോ. ഷെഫീക്ക്, സർജൻ ഡോ ആനന്ദക്കുട്ടൻ, അനസ്തേഷ്യ വിഭാഗം പ്രൊഫസറും ആശുപത്രി സൂപ്രണ്ടുമായ ഡോ. എ ഹരികുമാർ, പ്രൊഫസർ ഡോ. വിമൽപ്രദീപ്, ജൂനിയർ റസിഡന്റ് ഡോ ജോജി ജോർജ് എന്നിവർ ഉൾപ്പെട്ട സംഘമാണ് താക്കോൽ പുറത്തെടുത്തത്.

നാട് ഒത്തുചേർന്നു

# കുമ്മിൾ കുടുംബാരോഗ്യകേന്ദ്രം യാഥാർഥ്യമായി



കൊല്ലം : കുമ്മിൾ ജനതയുടെ ഏറെ നാളത്തെ സ്വപ്നം യാഥാർഥ്യമായി. കുമ്മിൾ കുടുംബാരോഗ്യകേന്ദ്രം പുതിയ കെട്ടിടം ആരോഗ്യ വകുപ്പ് മന്ത്രി ശ്രീമതി വീണാ ജോർജ് ഉദ്ഘാടനം ചെയ്തു പൊതുജനങ്ങൾക്കായി തുറന്നുകൊടുത്തു. 2005 ൽ നിലവിൽ വന്ന കുമ്മിൾ ഗ്രാമപഞ്ചായത്തിൽ 2012 ഓടു കൂടിയാണ് കുമ്മിൾ പ്രഥമിക ആരോഗ്യ കേന്ദ്രം പ്രവർത്തനം ആരംഭിച്ചത്. ആദ്യ ഘട്ടത്തിൽ ഒരു കടമുറിയിലാണ് ആരോഗ്യ കേന്ദ്രം പ്രവർത്തിച്ചു വന്നിരുന്നത്.

പ്രാഥമികാരോഗ്യ കേന്ദ്രങ്ങളെ കുടുംബാരോഗ്യ കേന്ദ്രങ്ങളാക്കി ഉയർത്തുന്ന സംസ്ഥാന സർക്കാരിന്റെ അഭിമാന പദ്ധതിയായ ആർദ്രം മിഷന്റെ ഭാഗമായി ആരോഗ്യകേന്ദ്രങ്ങളിൽ അടിസ്ഥാന സൗകര്യ വികസനത്തിലും രോഗി പരിചരണത്തിലും ഏറെ വിപുലമായ മാറ്റങ്ങളാണ് സംഭവിച്ചുകൊണ്ടിരിക്കുന്നത്. ഈ വികസന പ്രവർത്തങ്ങളുടെ ചുവടു പിടിച്ചാണ് കുമ്മിൾ കുടുംബാരോഗ്യകേന്ദ്രവും പുതിയ നിർമാണ പ്രവർത്തങ്ങളും, അനുബന്ധ പ്രവൃത്തികളും പൂർത്തിയാക്കി സജ്ജമാക്കിയത്. കൊട്ടാരക്കര താലൂക്കിൽ ചടയമംഗലം നിയോജക മണ്ഡലത്തിൽ ചടയമംഗലം ബ്ലോക്ക് പഞ്ചായത്തു പരിധിയിലാണ് കുടുംബാരോഗ്യ കേന്ദ്രം പ്രവർത്തിക്കുന്നത്. 14 വാർഡുകൾ ഉൾപ്പെടുന്ന കുടുംബാരോഗ്യ പരിധിയിൽ നിലവിൽ 23,696 ജനങ്ങളാണ് അധിവസിക്കുന്നത്. ദിനം പ്രതി നൂറോളം പേർ ചികിത്സക്കായി എത്തുന്ന ആരോഗ്യകേന്ദ്രം അടിമുടി മാറ്റങ്ങളുമായി പുതിയ കെട്ടിടത്തിലേക്കു മാറുന്നതോടെ മലയോര മേഖലയിലെ ജനങ്ങളുടെ ആരോഗ്യരംഗം വികസന കുതിപ്പിലേക്കു ഉയർത്തപ്പെടും.

> 2005 ൽ നിലവിൽ വന്ന കുമ്മിൾ ഗ്രാമപഞ്ചായത്തിൽ 2012 ഓടു കൂടിയാണ് കുമ്മിൾ പ്രഥമിക ആരോഗ്യ കേന്ദ്രം പ്രവർത്തനം ആരംഭിച്ചത്

പഞ്ചായത്തു ഫണ്ടിൽ നിന്നും 3,79,600 രൂപയും പഞ്ചായത്തിന്റെ പ്രയത്ന ഫലമായി പൊതു ജനങ്ങളിൽ നിന്നും ധന സമാഹരണം നടത്തി 14,25,000 രൂപയും ചേർത്ത് ആദ്യഘട്ടമായി 43 സെന്റ് വസ്തു കുടുംബാരോഗ്യ കേന്ദ്രം നിർമാണത്തിനായി വാങ്ങി. ദേശീയ ആരോഗ്യ ദൗത്യത്തിൽ നിന്നും അനുവദിച്ച 1 കോടി 43 ലക്ഷം രൂപ ചിലവഴിച്ചു ഒരു നിലയിൽ 4900 സ്ക്വയർ ഫീറ്റിലായാണ് പുതിയ കെട്ടിടത്തിന്റെ പണി പൂർത്തിയാക്കിയിട്ടുള്ളത്.

### പുതുതായി ലഭ്യമാക്കുന്ന സൗകര്യങ്ങൾ

വിശാലമായ സൗകര്യങ്ങളോടു കൂടി പണി പൂർത്തിയാക്കിയ പുതിയ ആശുപത്രി കെട്ടിടത്തിൽ അത്യാധുനിക ടോക്കൺ സൗകര്യങ്ങളോട് കൂടി സജ്ജമാക്കിയ ഒ.പി വിഭാഗം, ഡോക്ടറെ കൺസൾട്ട് ചെയ്യുന്നതിനു മുന്നോടിയായി ഉള്ള പരിശോധനാ മുറി, നഴ്സിങ് മുറികൾ, കൺസൾട്ടിങ് മുറികൾ ഡ്രസിങ് ഏരിയ, ഫാർമസി, നിരീക്ഷണ മുറി, ടെലിവിഷൻ സൗകര്യത്തോടെ സജ്ജമാക്കിയ വിശാലമായ കാത്തിരിപ്പ് വിഭാഗം.

ആരോഗ്യമേഖല ഉഷാർ

# ബത്തേരിയിൽ പുതിയ കെട്ടിടം



> ആവശ്യമായ ചികിത്സ ലഭിക്കാതെ ഒരാളും നിസ്സഹായരാവാൻ പാടില്ലെന്ന ലക്ഷ്യത്തോടെയാണ് സംസ്ഥാന സർക്കാരും ആരോഗ്യവകുപ്പും മുന്നോട്ടുപോകുന്നത്.

വയനാട്: ചെലവേറിയ ചികിത്സകൾക്കായി ബുദ്ധിമുട്ടുന്ന നിസ്സഹായരായവർക്ക് സൗജന്യ ചികിത്സ ഉറപ്പാക്കുകയാണ് സർക്കാരെന്ന് ആരോഗ്യവും വനിതാ–ശിശു വികസനവും വകുപ്പ് മന്ത്രി വീണാ ജോർജ്. സുൽത്താൻ ബത്തേരി താലൂക്ക് ആശുപത്രിയിൽ സ്ത്രീകളുടെയും കുട്ടികളുടെയും ബ്ലോക്ക് ഉദ്ഘാടനം ചെയ്ത് സംസാരിക്കുകയായിരുന്നു മന്ത്രി. സംസ്ഥാന സർക്കാർ 1500 കോടി രൂപയാണ് സൗജന്യ ചികിത്സയ്ക്കായി ഇതുവരെ വിനിയോഗിച്ചത്. ആവശ്യമായ ചികിത്സ ലഭിക്കാതെ ഒരാളും നിസ്സഹായരാവാൻ പാടില്ലെന്ന ലക്ഷ്യത്തോടെയാണ് സംസ്ഥാന സർക്കാരും ആരോഗ്യവകുപ്പും മുന്നോട്ടുപോകുന്നത്. സംസ്ഥാനത്തെ ആരോഗ്യ മേഖലയിൽ നടപ്പാക്കിയ വികസന നേട്ടങ്ങൾ മികവുറ്റതാണ്. സുൽത്താൻ ബത്തേരി താലൂക്ക് ആശുപത്രിയിൽ കൂടുതൽ തസ്തികകൾ അനുവദിക്കുമെന്നും മന്ത്രി അറിയിച്ചു. ആരോഗ്യ മേഖലയിൽ അക്ഷീണം പ്രയത്നിക്കുന്ന മുഴുവൻ ആളുകളെയും മന്ത്രി അഭിനന്ദിച്ചു.

താലൂക്ക് ആശുപത്രിയിലെ 360 ഡിഗ്രി മെറ്റബോളിക് ഡിസീസ് മാനേജ്മെന്റ് സെന്റർ, പോളി ഡെന്റൽ ക്ലിനിക്, വയോജന വാർഡ്, ഫിസിയോതെറാപ്പി – ഹാബിലിറ്റേഷൻ യൂണിറ്റുകൾ, ഫേക്കോ എമൽസിഫിക്കേഷൻ മെഷീൻ, വയോജന– വിഭിന്ന ശേഷി സൗഹൃദ കേന്ദ്രങ്ങൾ എന്നിവയും മന്ത്രി ഉദ്ഘാടനം ചെയ്തു.

സുൽത്താൻ ബത്തേരി താലൂക്ക് ആശുപത്രിയിൽ നടന്ന പരിപാടിയിൽ പട്ടികജാതി – പട്ടിവർഗ – പിന്നാക്കക്ഷേമ വകുപ്പ് മന്ത്രി ഒ.ആർ കേളു അധ്യക്ഷനായിരുന്നു. എം.എൽ.എ ഐ.സി ബാലകൃഷ്ണൻ, നഗരസഭ ചെയർമാൻ ടി.കെ രമേശ്, ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് സി. അസൈനാർ, അസിസ്റ്റന്റ് കളക്ടർ പി.പി അർച്ചന തുടങ്ങിയവർ പങ്കെടുത്തു.

ഹൃദയം കവർന്ന് ഹൃദ്യം പദ്ധതി

# 'കേരളത്തിൽ ആയതിനാലാണ് എന്റെ കുഞ്ഞിനെ എനിക്ക് രക്ഷിക്കാനായത്'



കാസറഗോഡ്: 'കേരളത്തിൽ ആയതിനാലാണ് എന്റെ കുഞ്ഞിനെ എനിക്ക് രക്ഷിക്കാനായത്' ഉത്തർപ്രദേശ് സ്വദേശിയായ ശിശുപാലിന്റെ വാക്കുകളാണിവ. ഹൃദയ സംബന്ധമായ അസുഖത്തിൽ ചികത്സയിൽ കഴിയുമ്പോൾ സംസ്ഥാന സർക്കാരിന്റെ ഹൃദ്യം പദ്ധതിയിൽ സർക്കാർ എംപാനൽ ചെയ്ത മിംസ് ആശുപത്രിയിൽ നിന്നായിരുന്നു ഈ പ്രതികരണം

ഉത്തർപ്രദേശ് സ്വദേശിയും കേരളത്തിൽ പുല്ലുവെട്ടു യന്ത്രം ഓപ്പറേറ്ററുമായ ശിശുപാലനനും ഭാര്യരുചിയും 2 വർഷം മുൻപാണ് കാസറഗോഡ് എത്തിയത്. കോട്ടൂർ ജനകീയ ആരോഗ്യകേന്ദ്രത്തിന്റെ സമീപം താമസിക്കുന്ന ഇവർ കുഞ്ഞിന് ശ്വാസസംബന്ധമായ ബുദ്ധിമുട്ടിനെ തുടർന്നാണ് മുളിയാർ ബ്ലോക്ക് കുടുംബാരോഗ്യ കേന്ദ്രത്തിലെത്തിയത്. പരിശോധനയിൽ കുഞ്ഞിന്റെ രക്തത്തിൽ ഓക്സിജൻ അളവ് കുറവായതിനാൽ ഉടൻ പ്രാഥമിക ചികിത്സാ നൽകിയ ശേഷം കുഞ്ഞിനെ പരിയാരം ഗവ: മെഡിക്കൽ കോളേജിലേക്ക് റെഫർ ചെയ്തു.

കുട്ടിക്ക് ഹൃദയ സംബന്ധമായ രോഗമെന്ന് തിരിച്ചറിഞ്ഞതോടെ മുളിയാർ ബ്ലോക്ക് കുടുംബാരോഗ്യകേന്ദ്രത്തിലെ മെഡിക്കൽ ഓഫീസറുടെ നിർദ്ദേശത്തിൽ അവിടുത്തെ ജീവനക്കാർ ദേശീയ ആരോഗ്യദൗത്യം ജില്ലാ ഓഫീസിലെ ആർ.ബി.എസ്.കെ മാനേജരെ ബന്ധപെടുകയും ഹൃദ്യം പദ്ധതിയിൽ രജിസ്റ്റർ ചെയ്യുവാനുള്ള നടപടിയും ആരംഭിച്ചു. ജില്ലാ മെഡിക്കൽ ഓഫീസർ, ജില്ലാ പ്രോഗ്രാം മാനേജർ എന്നിവരുടെ നിർദ്ദേശത്തിൽ നടപടികൾ വേഗത്തിലാക്കുകയും കുഞ്ഞിന് കോഴിക്കോടുള്ള ഹൃദ്യം എംപാനൽ ചെയ്ത ആശുപത്രയിൽ എത്തിച്ചു ശസ്ത്രക്രിയ നടത്തുകയും ചികിത്സ നൽകുകയും ചെയ്തു.

കുരുന്നു ജീവൻ കാക്കാൻ കൃത്യമായ ഇടപെടൽ നടത്തിയ ആരോഗ്യപ്രവർത്തകരെ ബഹു: ആരോഗ്യവും വനിതാ ശിശു വികസനവും വകുപ്പ് മന്ത്രി ശ്രീമതി വീണാ ജോർജ്, സംസ്ഥാന ചൈൽഡ് ഹെൽത്ത് നോഡൽ ഓഫീസർ ഡോ .രാഹുൽ യു ആർ, ജില്ലാ മെഡിക്കൽ ഓഫീസർ ഡോ. എ .വി രാംദാസ്, ജില്ലാ പ്രോഗ്രാം മാനേജർ ഡോ. അരുൺ പി.വി എന്നിവർ അഭിനന്ദിച്ചു.

# മാറ്റത്തിനൊരുങ്ങി തളിപ്പറമ്പ് ആശുപത്രി



കണ്ണൂർ: അത്യാഹിത വിഭാഗം, ഓപ്പറേഷൻ തിയേറ്റർ കോംപ്ലക്സ് എന്നിവ പൂർത്തിയാകുന്നതിലൂടെ തളിപ്പറമ്പ് താലൂക്ക് ഹെഡ് ക്വാട്ടേഴ്സ് ആശുപത്രിയിൽ ചരിത്രത്തിലെ ഏറ്റവും വലിയ വികസന പദ്ധതിക്ക് തുടക്കമാകുമെന്ന് ആരോഗ്യ വനിതാ ശിശു വികസന വകുപ്പ് മന്ത്രി വീണാ ജോർജ് പറഞ്ഞു. തളിപ്പറമ്പ് താലൂക്ക് ആശുപത്രിയുടെ അത്യാഹിത വിഭാഗം, ഓപ്പറേഷൻ തിയേറ്റർ കോംപ്ലക്സ് എന്നിവയുടെ കെട്ടിട നിർമാണോദ്ഘാടനം നിർവഹിച്ച് സംസാരിക്കുകയായിരുന്നു മന്ത്രി. ഡയാലിസിസ് രോഗികളുടെ ആവശ്യം കണക്കിലെടുത്ത് എം.എൽ.എയുടെ ഇടപെടൽ പ്രകാരം ആശുപത്രിയിലേക്ക് ഭാരത് പെട്രോളിയം കോർപ്പറേഷൻ ലിമിറ്റഡ് മുഖേന പത്ത് ഡയാലിസിസ് മെഷീനുകൾ കൂടി അനുവദിക്കും. ഇതുവഴി സ്വകാര്യ ആശുപത്രികളിലെ ഭീമമായ ചികിത്സാ ചെലവിൽ നിന്നും സാധാരണക്കാർക്ക് ആശ്വാസം ലഭിക്കുമെന്നും മന്ത്രി പറഞ്ഞു.

ആരോഗ്യവകുപ്പിന്റെ അഞ്ചു വർഷത്തെ പ്രവർത്തനങ്ങളുടെ വികസന രേഖ എം.വി ഗോവിന്ദൻ മാസ്റ്റർ എം.എൽ.എക്ക് നൽകി മന്ത്രി പ്രകാശനം ചെയ്തു. എൻ.എച്ച്.എം വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി ആധുനിക സൗകര്യങ്ങളുള്ള അത്യാഹിത വിഭാഗത്തിനായി 4.94 കോടി രൂപയും ഓപ്പറേഷൻ തിയേറ്റർ കോംപ്ലക്സിനായി കിഫ്ബി മുഖേന 19.53 കോടി രൂപയുമാണ് അനുവദിച്ചത്. ജനറൽ സർജറി, ഇ എൻ ടി, ഓർത്തോ വിഭാഗങ്ങൾക്കായുള്ള പ്രത്യേക ഓപ്പറേഷൻ തിയേറ്റർ, സർജറി രോഗികൾക്കായുള്ള വാർഡ്, എച്ച്ഡിയു സൗകര്യം, എക്സ്റേ, അൾട്രാ സൗണ്ട്, സി ടി സ്കാനിംഗ് തുടങ്ങിയ റേഡിയോളജി സൗകര്യങ്ങളും ഇതിൽ ഉൾപ്പെടും.

ആശുപത്രി പരിസരത്ത് നടന്ന പരിപാടിയിൽ എം.വി ഗോവിന്ദൻ മാസ്റ്റർ എം.എൽ.എ അധ്യക്ഷനായി. ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് അഡ്വ. കെ.കെ രത്നകുമാരി, തളിപ്പറമ്പ് നഗരസഭ ചെയർപേഴ്സൺ മുർഷിദ കൊങ്ങായി, ആന്തൂർ നഗരസഭ ചെയർമാൻ പി മുകുന്ദൻ, തളിപ്പറമ്പ് നഗരസഭ വൈസ് ചെയർമാൻ കല്ലിങ്കിൽ പത്മനാഭൻ, ജില്ലാ മെഡിക്കൽ ഓഫീസർ ഡോ. എം പീയുഷ്, ദേശീയ ആരോഗ്യ ദൗത്യം ജില്ലാ പ്രോഗ്രാം മാനേജർ ഡോ. പി.കെ അനിൽകുമാർ, തളിപ്പറമ്പ് താലൂക്ക് ഹെഡ് ക്വാട്ടേഴ്സ് ആശുപത്രി സൂപ്രണ്ട് ഡോ. വി.വി ആശ തുടങ്ങിയവർ പങ്കെടുത്തു.

തളിപ്പറമ്പ് താലൂക്ക് ഹെഡ് ക്വാട്ടേഴ്സ് ആശുപത്രിയിൽ ചരിത്രത്തിലെ ഏറ്റവും വലിയ വികസന പദ്ധതിക്ക് തുടക്കമാകുമെന്ന് ആരോഗ്യ വകുപ്പ് മന്ത്രി വീണാ ജോർജ് പറഞ്ഞു.

വിവിധ പദ്ധതികൾക്ക് തുടക്കം

# കാസറഗോഡിന് ഇത് ചരിത്ര നിമിഷം



കാസറഗോഡ്: ആരോഗ്യ മേഖലയ്ക്ക് ഇത് ചരിത്ര നിമിഷമാണെന്ന് ആരോഗ്യം, വനിതാ ശിശു വികസന വകുപ്പ് മന്ത്രി വീണാ ജോർജ്ജ് പറഞ്ഞു. ഉക്കിനടുക്കയിലെ കാസറഗോഡ് ഗവ. മെഡിക്കൽ കോളേജിൽ പുതിയതായി ആരംഭിച്ച എം.ബി.ബി.എസ് കോഴ്സ് ഉദ്ഘാടനം ചെയ്യുകയായിരുന്നു മന്ത്രി. കാസറഗോഡ് എന്താ കേരളത്തിൽ അല്ലേ? ഇവിടെ എന്ന് മെഡിക്കൽ കോളജ് സാധ്യമാകും? കേരളത്തിലെ ആരോഗ്യ മേഖല ഇനി എങ്ങനെ മുന്നോട്ട്? തുടങ്ങി കാലങ്ങളായി കാസറഗോഡ് നിന്ന് കേട്ട ചോദ്യങ്ങൾക്കും ആശങ്കകൾക്കും ഉള്ള ഉത്തരം കൂടിയാണ് ഈ മുഹൂർത്തമെന്ന് മന്ത്രി പറഞ്ഞു.

കാസറഗോഡ് സർക്കാർ മെഡിക്കൽ കോളജ് ആശുപത്രി നാല് മാസത്തിനുള്ളിൽ ആരംഭിക്കുമെന്നും സർക്കാർ മെഡിക്കൽ കോളേജിൽ എൻഡോസൾഫാൻ ദുരിത ബാധിതർക്ക് വേണ്ടി കേരളത്തിൽ ഏറ്റവും മികച്ച സ്പെഷ്യാലിറ്റി സെന്റർ തുടങ്ങുമെന്നും മന്ത്രി പറഞ്ഞു. സ്പെഷ്യാലിറ്റി സെന്ററിൽ ഫിസിയോ തെറാപ്പി, ഒക്കുപേഷണൽ തെറാപ്പി സൗകര്യങ്ങൾ കൂടി ഒരുക്കും.

കാസറഗോഡ് വയനാട് സർക്കാർ മെഡിക്കൽ കോളേജുകൾ കൂടി അനുവദിച്ചതോടെ മുഴുവൻ ജില്ലകളിലും മെഡിക്കൽ കോളേജുകളും നേഴ്സിങ് കോളേജുകളുമുള്ള സംസ്ഥാനം മാറിയെന്നും മന്ത്രി പറഞ്ഞു. നാഷണൽ മെഡിക്കൽ കമ്മീഷൻ അംഗീകാരം ലഭിക്കാൻ മാനദണ്ഡങ്ങൾ ഓരോന്നും പാലിച്ച് മുന്നേറുക എന്നത് വെല്ലുവിളി നിറഞ്ഞതായിരുന്നു. അത് നമുക്ക് സാധിച്ചു. ഇത് ഒരു കൂട്ടായ്മയുടെ വിജയമാണ്. 2013ൽ സ്ഥലം കൈമാറി. കാസറഗോഡ് 2016 ൽ നിർമ്മാണം തുടങ്ങിയപ്പോൾ മുതൽ തുടങ്ങിയ പ്രവർത്തനത്തിന്റെ ഭാഗമായ മുഴുവൻ ആളുകളോടും മന്ത്രി നന്ദി പറഞ്ഞു.

2020ൽ കോവിഡ് കാലത്ത് കർണാടക അതിർത്തി അടച്ചപ്പോൾ മുഖ്യമന്ത്രിയുടെ നിശ്ചയ ദാർഢ്യത്തിൽ അക്കാദമിക് ബ്ലോക്കിൽ കോവിഡ് ആശുപത്രിയാക്കി. 273 അധ്യാപക അനധ്യാപക തസ്തികകൾ സൃഷ്ടിച്ചു. നിലവിൽ കിഫ്ബിയിൽ നിന്ന് 160 കോടി അനുവദിച്ചു. ലാബ് സജ്ജീകരിക്കുവാൻ കാസറഗോഡ് വികസന പാക്കേജിൽ തുക അനുവദിച്ചു.

കൂടാതെ കാസറഗോഡ് വികസന പാക്കേജിൽ 1.50 കോടിരൂപാ വിനിയോഗിച്ചു നിർമിച്ച ബായാർ കുടുംബാരോഗ്യ കേന്ദ്രത്തിന്റെയും, കാസറഗോഡ് വികസന പാക്കേജ് 1.54 കോടി വിനിയോഗിച്ചു നിർമിച്ച പുത്തിഗെ കുടുംബാരോഗ്യ കേന്ദ്രത്തിന്റെയും, കാസറഗോഡ് വികസന പാക്കേജ് 1.25 കോടി വിനിയോഗിച്ചു നിർമ്മിച്ച ആരിക്കാടി കുടുംബാരോഗ്യകേന്ദ്രത്തിന്റെയും ഉദ്ഘാടനവും പി എം അ ബി എം പദ്ധതിയിൽ ഉൾപ്പെടുത്തി 23.50 കോടി രൂപ ഉപയോഗിച്ച് ചട്ടഞ്ചാൽ തെക്കിൽ ടാറ്റ ഹോസ്പിറ്റലിൽ നിർമ്മിക്കുന്ന ക്രിട്ടിക്കൽ കെയർ ബ്ലോക്കിന്റെ ശിലസ്ഥാപനവും മന്ത്രി നിർവഹിച്ചു .

ക്രിട്ടിക്കൽ കെയർ ബ്ലോക്കിനായി 45000 സ്ക്വയർ ഫീറ്റിൽ മൂന്ന് നിലയിലായി 50 ബെഡുകൾ സജ്ജീകരിച്ചാണ് സി.സി.യു നിർമ്മിക്കുന്നത്. എച്ച്.എൽ.എൽ കമ്പനി നിർമ്മാണം ഉടൻ ആരംഭിക്കും.

ക്രിട്ടിക്കൽ കെയർ ബ്ലോക്കിൽ എമർജൻസി കെയർ, ഐസൊലേഷൻ വാർഡ്, ഐസിയു, ഓപ്പറേഷൻ തിയേറ്റേഴ്സ്, ലേബർ റൂം, എച്ച്.ഡി.യു, ഡയാലിസിസ് യൂണിറ്റ്, ന്യൂ ബോൺ യൂണിറ്റ്, സ്കാനിങ് സൗകര്യം, വെന്റിലേറ്റർ, ഓക്സിജൻ സപ്പോർട്ട് കൂടിയുള്ള ബെഡ്ഡുകൾ, സെൻട്രലൈസ്ഡ് സ്റ്റോറയിൽ സപ്ലൈ ഡിപ്പാർട്ട്മെന്റ്, വാർഡുകൾ എന്നിവ സജ്ജീകരിക്കും.

വാക്ക് നൽകി ആരോഗ്യമന്ത്രി

# ആശയങ്ങൾ ഡോക്യുമെന്റാകും...



> ക്രിയാത്മക നിർദ്ദേശങ്ങൾ നിറഞ്ഞതായിരുന്നു ഓരോ ചർച്ചാവേദികളും

പത്തനംതിട്ട: വിഷൻ 2031 ആരോഗ്യ സെമിനാറിലെ ചർച്ചകളിൽ ഉരുത്തിരിഞ്ഞ ആശയങ്ങൾ ക്രോഡീകരിച്ച് ഡോക്യുമെന്റാക്കുമെന്ന് ആരോഗ്യ വകുപ്പ് മന്ത്രി വീണാ ജോർജ്. എല്ലാ സെഷനുകളിലേയും ഡോക്യുമെന്റ് സംഗ്രഹിച്ച് പൊതുവായ ഡോക്യുമെന്റ് തയ്യാറാക്കുംകയും മുഖ്യമന്ത്രിക്ക് സമർപ്പിക്കുമെന്നും വിഷൻ 2031 ചർച്ചകളുടെ സമാപന ചടങ്ങിൽ മന്ത്രി വ്യക്തമാക്കി. ക്രിയാത്മക നിർദ്ദേശങ്ങൾ നിറഞ്ഞതായിരുന്നു ഓരോ ചർച്ചാവേദികളും. പകർച്ചവ്യാധി പ്രതിരോധത്തിന് ശുചിത്വം ഉറപ്പാക്കാൻ സാക്ഷരതാ മിഷൻ പോലെയുള്ള കാമ്പയിനാണ് ചർച്ചയിലെ പ്രധാന ആശയം. ഗവേഷണത്തിന് കൃത്യമായ നയവും മാനദണ്ഡങ്ങളും ഉണ്ടായിരിക്കുക, ഏകീകൃത ആരോഗ്യ ഗവേഷണ ചട്ടക്കൂട് സ്ഥാപിക്കുക, കേരള ഗവേഷണ പ്രൊമോഷൻ പോർട്ടൽ, ഡാറ്റയും വൈദഗ്ധ്യവും ശേഖരിക്കുന്നതിനുള്ള നിർദ്ദിഷ്ട കൺസോർഷ്യം, മെഡിക്കൽ കോളേജുകളിൽ തൃതീയ പരിചരണം ശാക്തീകരിക്കുക, റഫറൽ നെറ്റ് വർക്ക് ശക്തിപ്പെടുത്തുക, ഇന്റൻസീവ് കെയർ ശാക്തീകരണം, ഡിജിറ്റൽ ഹെൽത്ത് ആൻഡ് ടെലിമെഡിസിൻ, എഐ സഹായത്തോടെയുള്ള ഡയഗ്നോസ്റ്റിക്സ്, പോയിന്റ് ഓഫ് കെയർ ഡയഗ്നോസ്റ്റിക്സ്, സാർവത്രിക ആരോഗ്യ കവറേജ്, ദീർഘകാല രോഗങ്ങൾക്ക് സബ്സിഡി മരുന്നുകൾ, ആരോഗ്യ പാക്കേജുകളും സേവന നിരക്കുകളും മാനദണ്ഡമാക്കുക, കാൻസർ പ്രതിരോധവും രോഗനിർണയവും ശക്തിപ്പെടുത്തുക, കാൻസർ പരിചരണത്തിന്റെ വികേന്ദ്രീകരണം, വയോജനപരിചരണത്തിലെ മികവിനുള്ള കേന്ദ്രം, കോഴിക്കോട് ഓർഗൻ ട്രാൻസ്പ്ലാന്റ് ഇൻസ്റ്റിറ്റ്യൂട്ടിലെ റോബോട്ടിക്സ്, എല്ലാ ജില്ലകളിലെയും ഭക്ഷ്യ സുരക്ഷാ പരിശീലന കേന്ദ്രങ്ങൾ, ആശുപത്രി ദുരന്തനിവാരണ നയം, ഡിജിറ്റൽ ഡോക്യുമെന്റേഷൻ, ആരോഗ്യ പ്രവർത്തകർക്കിടയിൽ സംയോജിത പരിശീലനവും അവബോധവും, ദുരന്ത നിവാരണത്തിനായുള്ള മാനസികാരോഗ്യ പിന്തുണയും കമ്മ്യൂണിറ്റി പ്രതിരോധശേഷിയും, കേരള ട്രോമ കെയർ നയം നടപ്പിലാക്കുക എന്നിവയും ചർച്ചയിൽ ഉരുത്തിരിഞ്ഞ പ്രധാനപ്പെട്ട ആശയങ്ങളാണ്.

ആരോഗ്യ രംഗത്തെ വിവിധ വിഷയങ്ങളിൽ അധിഷ്ഠിതമായ 10 പാനൽ ചർച്ചകളാണ് 4 വേദികളിലായി സംഘടിപ്പിച്ചത്. അതാത് രംഗത്തെ വിദഗ്ധർ മോഡറേറ്റുമാരായും പാനലിസ്റ്റുകളായും പങ്കെടുത്തു. കാൻസർ, വയോജന പരിപാലനം, പാലിയേറ്റീവ് കെയർ, ഹൃദ്രോഗങ്ങൾ, സ്ട്രോക്ക്, പ്രമേഹം, രക്താതിമർദം, കുട്ടികളിലെ ജീവിതശൈലി രോഗങ്ങൾ, സിഒപിഡി, മെഡിക്കൽ ഗവേഷണം, ടെർഷ്യറി കെയർ ശാക്തീകരണം, പൊതുജനാരോഗ്യത്തിന്റെ സാമ്പത്തിക ശാസ്ത്രം, ആയുഷ് മേഖല, സാംക്രമിക രോഗങ്ങൾ, ഏകാരോഗ്യ പദ്ധതി, എമർജൻസി ആന്റ് ട്രോമ കെയർ, ദുരന്ത നിവാരണം, സ്ത്രീകളുടേയും കുഞ്ഞുങ്ങളുടേയും ആരോഗ്യം, തീരദേശ മേഖലയിലേയും ഗോത്ര വിഭാഗങ്ങളുടേയും ആരോഗ്യം, മരുന്ന് ഗവേഷണം, ഉത്പാദനം, ചികിത്സയുടെ ഭാവി, ഭക്ഷ്യ സുരക്ഷ എന്നീ വിഷയങ്ങളിലാണ് പാനൽ ചർച്ചകൾ നടന്നത്. ഈ ചർച്ചകളിൽ നിന്നും ഉരുത്തിരിഞ്ഞ ആശയങ്ങളുടെ സംഗ്രഹം മന്ത്രി അവതരിപ്പിച്ചു.

അമ്പലവയലിൽ വയനാട്ടിലെ

# ആദ്യത്തെ പുകയില വിമുക്തി കേന്ദ്രം



വയനാട്ടിലെ ആദ്യത്തെ പുകയില വിമുക്തി കേന്ദ്രം അമ്പലവയലിൽ തദ്ദേശ സ്വയംഭരണ, എക്സൈസ് വകുപ്പ് മന്ത്രി എം.ബി രാജേഷ് ഉദ്ഘാടനം ചെയ്യുന്നു

വയനാട് : വയനാട്ടിലെ ആദ്യത്തെ പുകയില വിമുക്തി കേന്ദ്രം അമ്പലവയലിൽ തദ്ദേശസ്വയംഭരണ, എക്സൈസ് വകുപ്പ് മന്ത്രി എം.ബി രാജേഷ് ഉദ്ഘാടനം ചെയ്തു. പുകയിലയുടെ വിവിധ രൂപത്തിലുള്ള ഉപയോഗ ശീലങ്ങൾ തടയുക എന്നതാണ് സ്ഥാപനത്തിന്റെ പ്രധാന ലക്ഷ്യം. ജില്ലയിലെ ആരോഗ്യ പ്രവർത്തകർക്കും സന്നദ്ധ പ്രവർത്തകർക്കും ഈ വിഷയത്തിൽ പരിശീലനം നൽകുന്നതിനുള്ള നോഡൽ കേന്ദ്രമായും ഈ സ്ഥാപനം പ്രവർത്തിക്കും. നീതി ആയോഗിന്റെ ആസ്പിരേഷണൽ ഡിസ്ട്രിക്ട് പ്രോഗ്രാമിൽ ഉൾപ്പെടുത്തി 55 ലക്ഷം രൂപ ചിലവിൽ 1930 സ്ക്വയർ ഫീറ്റിലായി ജില്ലാ നിർമിതി കേന്ദ്രമാണ് സ്ഥാപനം നിർമ്മിച്ചത്. കെട്ടിടത്തിൽ 2 ലക്ഷം രൂപയുടെ ഫർണിച്ചർ വർക്കുകളും നടത്തിയിട്ടുണ്ട്.

വീടിന് തൊട്ടടുത്ത് ലാബ് പരിശോധന: സന്തോഷം പങ്കുവച്ച് രോഗികൾ

# 'നമസ്കാരം, ആരോഗ്യ മന്ത്രി വീണാ ജോർജ് ആണ്'

പള്ളുരുത്തി താലൂക്ക് ആശുപത്രിയിൽ ഡയാലിസിസിനെത്തിയ കുമ്പളങ്ങി സ്വദേശി പുഷ്കരനെ വിളിച്ച് ആരോഗ്യവകുപ്പ് മന്ത്രി വീണാ ജോർജ്



തിരുവനന്തപുരം: ഡയാലിസിസ് ചികിത്സാ രംഗത്ത് സർക്കാർ നടത്തിയ മുന്നേറ്റങ്ങൾ നേരിട്ട് അവലോകനം ചെയ്യുന്നതിനും രോഗ നിർണയ രംഗത്ത് സംസ്ഥാന സർക്കാർ നടപ്പിലാക്കിയ നിർണയ ലാബോറട്ടറി സംവിധാനം ഉപയോഗിക്കുന്നവരിൽ നിന്നും സേവനങ്ങൾ പ്രയോജനപ്പെടുത്തുന്നതിനെ കുറിച്ച് മനസിലാക്കുന്നതിന്റെ ഭാഗമായുമാണ് മന്ത്രി അപ്രതീക്ഷിതമായി വിളിച്ചത്.

ഒന്നര വർഷമായി പുഷ്കരൻ ഡയാലിസിസ് ചെയ്തു വരികയാണ്. ആദ്യം സ്വകാര്യ ആശുപത്രിയിലായിരുന്നു ഡയാലിസിസ്. പള്ളുരുത്തി താലൂക്ക് ആശുപത്രിയിൽ സേവനം ലഭ്യമായതോടെ ഏറെ സാകര്യപ്രദമായെന്ന് അദ്ദേഹം പറഞ്ഞു.

നിർണയ പദ്ധതി യാഥാർഥ്യമായതോടെ ഡയാലിസിസ് രോഗികൾ പതിവായി ചെയ്യേണ്ട ചിലവേറിയ സങ്കീർണ്ണ പരിശോധനകളും പള്ളുരുത്തി ആശുപത്രിയിലെ ലാബിൽ നിന്ന് തന്നെ ചെയ്യാനുള്ള സാകര്യമുണ്ടെന്നും ഇത് തങ്ങളെ പോലുള്ള രോഗികൾക്ക് വളരെയധികം പ്രയോജനകരമാണെന്നും അദ്ദേഹം പറഞ്ഞു.

സാധാരണക്കാരായ രോഗികളുടെ ചികിത്സാ ചെലവ് കുറക്കുന്നതിനും ഫലപ്രദമായ രോഗനിർണയസാകര്യം ഉറപ്പുവരുത്തുന്നതിനുമായാണ് സർക്കാർ നിർണയ ലബോറട്ടറി സംവിധാനം ആരംഭിച്ചിരിക്കുന്നതെന്നും കൂടുതൽ ആളുകളിലേക്ക് ഈ സേവനത്തെ കുറിച്ചറിയിക്കുന്നതിന് പുഷ്കരേട്ടനുൾപ്പെടെയുള്ളവരുടെ സഹായമുണ്ടാകണമെന്നും മന്ത്രി പറഞ്ഞു.

സമഗ്ര ലബോറട്ടറി പരിശോധനകൾ താഴെത്തട്ടിലും ലഭ്യമാക്കുകയെന്ന ലക്ഷ്യത്തോടെ ഹബ് ആന്റ് സ്പോക്ക് മാതൃകയിൽ സംസ്ഥാന സർക്കാർ നിർണയ ലബോറട്ടറി സംവിധാനം ആരംഭിച്ചത്. കഴിഞ്ഞ ദിവസമാണ് ആരോഗ്യവകുപ്പ് മന്ത്രി ഈ പദ്ധതി സംസ്ഥാനമാകെ വ്യാപിപ്പിക്കുന്നതിന്റെ ഉദ്ഘാടനം നിർവഹിച്ചത്. രാജ്യത്തിന് മാതൃകയായ ഈ പദ്ധതിയിലൂടെ തൊട്ടടുത്ത ആരോഗ്യ കേന്ദ്രത്തിൽ തന്നെ ലാബ് സേവനം ലഭ്യമാകും. പ്രാഥമിക, കുടുംബാരോഗ്യകേന്ദ്രങ്ങളിൽ നിന്ന് സാമ്പിളുകൾ ശേഖരിച്ച് പ്രധാന ലാബുകളിലേക്ക് പോസ്റ്റൽ വകുപ്പിന്റെ സഹായത്തോടെ,പ്രത്യേകസംവിധാനത്തിൽ എത്തിക്കും. ഈ സാമ്പിളുകൾ പരിശോധന പൂർത്തിയാക്കിയതിനുശേഷം സർക്കാരിന്റെ പോർട്ടലിലൂടെ അയച്ച സെന്ററുകളിലേക്ക് റിസൾട്ട് ലഭ്യമാക്കും. കൂടാതെ രോഗിയുടെ മൊബൈലിലേക്കും റിസൾട്ടുകൾ എത്തും.

വീട്ടിലല്ല

# ആശുപത്രി പ്രസവമാണ് സുരക്ഷിതം

വർഷ ജയപ്രകാശ്
കൺസൾട്ടന്റ് (പിആർ), തിരുവനന്തപുരം




തിരുവനന്തപുരം: വീടുകളിലെ പ്രസവങ്ങൾ വരുത്തുന്ന സങ്കീർണതകൾ അറിയാമെങ്കിലും ചിലരെങ്കിലും ആശുപത്രിയിൽ പോകാൻ മടിച്ച് വീട്ടിൽ പ്രസവത്തിന് തയ്യാറെടുക്കുന്നു. ഗതാഗത സാകര്യക്കുറവ്, പിന്നാക്ക സാമൂഹിക സാഹചര്യങ്ങൾ, കുടിയേറ്റം, ആശുപത്രി ചെലവ് എന്നിങ്ങനെ പലവിധ കാരണങ്ങളാണ് വീട്ടിലെ പ്രസവത്തിന് പിന്നിലുള്ളത്. ഇതിന് പുറമേ നാച്ചുറോപ്പതി, അക്യുപങ്ചർ ചികിത്സകളിലുള്ള വിശ്വാസവും കാരണങ്ങളിൽ ചിലത്. സർക്കാർ ആശുപത്രികളിൽ അത്യാധുനിക സാകര്യങ്ങളും സാജന്യ ചികിത്സയും ലഭ്യമാണെങ്കിലും ആശുപത്രികളിലെ പ്രസവം നിരസിക്കുകയാണ് ഒരു കൂട്ടർ. എന്നാൽ വിസ്സമ്മതങ്ങളെല്ലാം സമ്മതങ്ങളാക്കി മാതൃകയാവുകയാണ് കുടുംബാരോഗ്യ കേന്ദ്രം തോണിപ്പാറയിലെ ആരോഗ്യ പ്രവർത്തകർ. ജെ.പി.എച്ച്.എൻമാരുടെ നിരന്തര ഗൃഹ സന്ദർശനത്തിലൂടെ വീട്ടിലെ പ്രസവത്തിന് തയ്യാറായിരുന്നവരെയെല്ലാം ആശുപത്രികളിലെത്തിച്ച് സുരക്ഷിത പ്രവസവത്തിന് സാകര്യമൊരുക്കുന്നു. ജെ.പി.എച്ച്.എൻമാർ ഇടപെട്ടിട്ടും വഴങ്ങാത്തവരെ തോണിപ്പാറ മെഡിക്കൽ ഓഫീസർ ഡോ. സ്റ്റെൻസി സെബാസ്റ്റ്യൻ വീടുകളിലെത്തി വീട്ടുകാരെ അനുനയിപ്പിക്കും. എന്നിട്ടും ആശുപത്രിയിൽ പോകാൻ വിസ്സമതിക്കുന്നെങ്കിൽ സ്ഥലം കൗൺസിലറുടെയുംപോലീസിന്റെയുംസഹായം തേടും.

എന്നാൽ ഇതിനിടയിൽ നേരിടേണ്ടി വരുന്ന പ്രശ്നങ്ങൾ ചില്ലറയല്ലെന്ന് ഡോക്ടർ പറഞ്ഞു. 'ഡോക്ടർക്ക് ആംബുലൻസ് ഉള്ളതിന്റെ അഹങ്കാരമല്ലേ' ഭർതൃമാതാവിന്റെ രോഷമാണിത്. ഭർതൃവീട്ടിൽ ഭാര്യയെ പ്രസവിപ്പിക്കാൻ തയ്യാറെടുക്കുന്നതിനിടയിൽ ജെ.പി.എച്ച്.എൻ എത്തുകയും ആശുപത്രിയിൽ പോകാൻ നിർബന്ധിച്ചിട്ടും തയ്യാറാകാത്ത കുടുംബം. ഗർഭിണിയ്ക്ക് പ്രസവ വേദന ആരംഭിച്ചത് മനസിലാക്കിയ ജെ.പി.എച്ച്.എൻ. ഭർത്താവിനെ അന്വേഷിച്ചു. ഭർത്താവ് ശുചിമുറിയിൽ അഭയം തേടി, വാതിൽ താഴിട്ട് പൂട്ടി. ആരോഗ്യ പ്രവർത്തകയെ ഒറ്റയ്ക്ക് നേരിടുന്ന ഗർഭിണിയുടെ ഭർതൃമാതാവ്. സമയം വൈകിയാൽ ഗർഭിണിയുടെ അവസ്ഥ സങ്കീർണമാകുമെന്ന് മനസ്സിലാക്കിയ ജെ.പി.എച്ച്.എൻ മെഡിക്കൽ ഓഫീസറിനെ വിളിച്ച് വിവരം അറിയിക്കുന്നു. ഡോ. സ്റ്റെൻസി ഉടൻ തന്നെ ആംബുലൻസ് വിളിച്ച് അവർക്കൊപ്പം സംഭവം നടക്കുന്ന വീട്ടിലേയ്ക്ക് എത്തി. ഒപ്പം തന്നെ സ്ഥലം കൗൺസിലറെയും പോലീസിനെയും വിവരമറിയിച്ചതിനെ തുടർന്ന് അവരും സ്ഥലത്തെത്തി. ഡോക്ടറും ജെ.പി.എച്ച്.എനും ഗർഭിണിയോട് സങ്കീർണതകൾ വിവരിക്കുകയും അവർ ആശുപത്രിയിലേയ്ക്ക് പോകാൻ തയ്യാറാകുകയും ചെയ്തതോടെ ഭർതൃമാതാവ് ക്ഷുഭിതയായി ഡോക്ടറിനോട് പറഞ്ഞതാണ് മേൽ പരാമർശിച്ചിരിക്കുന്നത്.

തോണിപ്പാറയിൽ ഇത് ആദ്യ സംഭവമല്ല. ആരോഗ്യപ്രവർത്തകരുടെ സമയോചിത ഇടപെടലിലൂടെ നിരവധി ജീവനുകളാണ് രക്ഷിക്കാനായത്. പ്രതികൂല അവസ്ഥയിൽ പോലും തോണിപ്പാറയിലെ ആരോഗ്യ പ്രവർത്തകർ ഈ സേവനത്തിൽ നിന്ന് പിന്മാറിയിട്ടില്ല.

ജില്ലയിൽ അഞ്ച് ആരോഗ്യ കേന്ദ്രങ്ങളിൽ എല്ലാ മാസവും ഒമ്പതാം തീയതി ഗർഭിണികൾക്ക് ഗൈനക്കോളജിസ്റ്റ്മാരുടെ സേവനവും സ്കാനിംഗ് തുടങ്ങിയ പരിശോധനകളും ഉറപ്പാക്കുന്നു. ഗർഭിണികളിലെ അപകട സാധ്യത കണ്ടെത്തി നേരത്തെയുള്ള ചികിത്സ നൽകുന്ന ഈ പദ്ധതിയാണ് പ്രധാനമന്ത്രി സുരക്ഷിത് മാതൃത്വ അഭിയാൻ(പി.എം.എസ്.എം.എ.). ഈ സേവനം ലഭ്യമാകുന്ന ഒരു ആരോഗ്യ കേന്ദ്രമാണ് തോണിപ്പാറ. തികച്ചും സാജന്യ സേവനമായിട്ട് പോലും ആശുപത്രിയിലെത്തി സേവനദാതാവാൻ ഗർഭിണികളോ ബന്ധുക്കളോ തയ്യാറാകുന്നില്ല. എല്ലാ ആരോഗ്യ – അനുബന്ധ പ്രശ്നങ്ങൾക്കും പരിഹാരം കണ്ടെത്തുന്ന തോണിപ്പാറ ആരോഗ്യപ്രവർത്തകർ ഇതിനും മാർഗ്ഗം തെളിച്ചു. ആശുപത്രിയിലെ വാഹനത്തിൽ വീടുകളിലെത്തി ഗർഭിണികളെ പി.എം.എസ്.എം.എ. പദ്ധതിയുടെ ഉപഭോക്താക്കളാക്കുന്നു. പരിശോധന കഴിഞ്ഞാൽ അവരെ തിരികെ വീട്ടിൽ എത്തിക്കാനുള്ള സാകര്യവും ഒരുക്കിയിട്ടുണ്ട്. സുരക്ഷിതമായ പ്രസവവും കുഞ്ഞിന്റെ ആരോഗ്യവും ലക്ഷ്യമിട്ട് ഇവിടുത്തെ ആരോഗ്യ പ്രവർത്തകർ രാപ്പകൽ പ്രവർത്തിക്കുകയാണ്.

ആരോഗ്യ സേവനങ്ങൾ വീട്ടുപടിയ്ക്കൽ എത്തിച്ചാലും സാജന്യ യാത്ര സാകര്യം ഒരുക്കിയാലും എല്ലാ സേവനങ്ങളും നിഷേധിച്ച് സ്വയം ചികിത്സ ചെയ്തും വീട്ടിൽ പ്രസവം നടത്തിയും ആരോഗ്യ സ്ഥിതി സങ്കീർണമാക്കുകയാണ് ചിലരെങ്കിലും. സർക്കാർ ആശുപത്രികളിൽ ഗർഭിണികൾക്കുള്ള ചികിത്സയും പ്രസവവും സാജന്യമാണ്. കൂടാതെ ലക്ഷ്യ ഗുണനിലവാരമുള്ള സർക്കാരിന്റെ പ്രസവ ആശുപത്രികളിലാണെങ്കിൽ ഗർഭിണിയ്ക്കൊപ്പം ഒരു ബന്ധുവിന് കൂടി നിൽക്കാൻ സാധിക്കും. പ്രസവം കഴിഞ്ഞാൽ ആശുപത്രിയിൽ നിന്ന് വീട്ടിലേയ്ക്ക് സാജന്യ വാഹന സാകര്യം ഒരുക്കുന്ന മാതൃയാനം പദ്ധതിയും എല്ലാ പ്രസവ കേന്ദ്രങ്ങളിലുമുണ്ട്.

# ഒ.പി, കാഷ്വാലിറ്റി ബ്ലോക്കുകളുടെ കെട്ടിട നിർമ്മാണം വിലയിരുത്തി



ഇടുക്കി: ജില്ലാ ആശുപത്രിയായി ഉയർത്തപ്പെടുന്ന നെടുങ്കണ്ടം താലൂക്ക് ആശുപത്രിയുടെ നിലവിൽ നിർമ്മാണത്തിലിരിക്കുന്ന ഒപി ക്വാഷാലിറ്റി ബ്ലോക്കുകളുടെ കെട്ടിട നിർമ്മാണ പ്രവർത്തനങ്ങളുടെ അവലോകനയോഗം ആരോഗ്യ കുടുംബ ക്ഷേമവകുപ്പ് മന്ത്രി വീണാ ജോർജജിന്റെ നേതൃത്വത്തിൽ നടത്തി. ഉടുമ്പൻചോല എം.എൽ.എ എം.എം. മണിയുടെ അദ്ധ്യക്ഷതയിൽ നെടുങ്കണ്ടം ബ്ലോക്ക് പഞ്ചായത്ത് ഹാളിൽ നടന്ന യോഗത്തിൽ മോണിറ്ററിംഗ് കമ്മിറ്റി അംഗങ്ങൾ, എ.ഡി.എച്ച്.എസ് പ്ലാനിംഗ് സെക്ഷൻ, ജില്ലാ മെഡിക്കൽ ആഫീസർ, ജില്ലാ പ്രോഗ്രാം മാനേജർ, ജനപ്രതിനിധികൾ, വിവിധ വകുപ്പുകളിലെ ഉദ്യോഗസ്ഥർ, പൊതുപ്രവർത്തകർ, ആശുപത്രി ജീവനക്കാർ എന്നിവർ പങ്കെടുത്തു.

ആദ്യ ഘട്ടത്തിൽ 149 കോടി രൂപ മുതൽ മുടക്കിൽ 7–നിലകളിലായി നിർമ്മാണം പുരോഗമിച്ചുകൊണ്ടിരിക്കുന്ന ഒ.പി, ക്വാഷാലിറ്റി ബ്ലോക്കുകളുടെ കെട്ടിട നിർമ്മാണ പ്രവർത്തനങ്ങൾ 55 ശതമാനത്തോളം പൂർത്തിയായതായി നിർമ്മാണ നിർവഹണ ഏജൻസിയായ ഹൈറ്റ്സിന്റെ പ്രതിനിധികൾ യോഗത്തിൽ അറിയിക്കുകയുണ്ടായി. ഒ.പി ബ്ലോക്കിൽ ഔട്ട് പേഷ്യന്റ് വിഭാഗങ്ങൾ (All Special-ity) ലബോറട്ടറികൾ, ഡയാലിസിസ് യൂണിറ്റ്, ഇൻ–പേഷ്യന്റ് മുറികൾ, അഡ്മിനിസ്ട്രേറ്റീവ് വിഭാഗം എന്നിവയും ക്വാഷ്വലിറ്റി ബ്ലോക്കിൽ എമർജൻസി വിഭാഗം, റേഡിയോളജി വിഭാഗം, മെറ്റേണിറ്റി വിഭാഗം, ഡെലിവറി സ്യൂട്ടുകൾ, ക്രിട്ടിക്കൽ കെയർ യൂണിറ്റ്, ഓപ്പറേഷൻ തിയേറ്റർ, ക്ലോംപ്ലക്സ്, എന്നിവയും ഉൾപ്പെടുന്നു.

നിർമ്മാണ പ്രവർത്തനങ്ങളിൽ കാലതാമസം നേരിടുന്നതിന്റെ കാരണങ്ങൾ മന്ത്രി യോഗത്തിൽ വിലയിരുത്തി.നിർമ്മാണം വേഗത്തിൽ പൂർത്തീകരിക്കണമെന്ന് മന്ത്രി അറിയിച്ചു. പുതിയ കെട്ടിടങ്ങൾ പ്രവർത്തനക്ഷമമാക്കുന്നതോടുകൂടി ചികിത്സാ സാകര്യങ്ങൾ താരതമ്യേന കുറവായ മലയോര മേഖലകളിലെ ജനങ്ങൾക്ക് വിദഗ്ദ്ധ ചികിത്സ ലഭ്യമാക്കുന്നതിനായി അടിയന്തിര പ്രാധാന്യത്തോടു കൂടി നിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തിയാക്കുന്നതിന്റെ ആവശ്യകത യോഗം വിലയിരുത്തി.

നിർമ്മാണം ഉടൻ ആരംഭിക്കും

# നിലയ്ക്കലിൽ സ്ഥിരം ആശുപത്രി

പത്തനംതിട്ട: ശബരിമല തീർത്ഥാടകർക്കായി നിലയ്ക്കലിൽ പുതിയ ആശുപത്രിയുടെ നിർമ്മാണം അടുത്ത ആഴ്ച ആരംഭിക്കുമെന്ന് ആരോഗ്യവകുപ്പ് മന്ത്രി വീണാ ജോർജ്. കാഞ്ഞീറ്റുകര സാമൂഹിക ആരോഗ്യകേന്ദ്രത്തെ ബ്ലോക്ക് കുടുംബാരോഗ്യകേന്ദ്രമാക്കി ഉയർത്തുന്നതിന്റെ ഉദ്ഘാടനം ഓൺലൈനായി നിർവഹിച്ചു സംസാരിക്കുകയായിരുന്നു മന്ത്രി.

സംസ്ഥാന സർക്കാരിന്റെ പ്ലാൻ ഫണ്ടിൽ നിന്ന് 36 ലക്ഷം രൂപ വിനിയോഗിച്ചാണ് നവീകരണം നടത്തിയത്. സ്പെഷ്യാലിറ്റി ചികിത്സ താലൂക്ക് ആശുപത്രിതലം മുതലാണ് ആരംഭിക്കുന്നത്. എഴുമറ്റൂരിലും റാന്നിയിലും നിർമ്മാണ പ്രവർത്തനങ്ങൾ പുരോഗമിക്കുകയാണെന്നും മന്ത്രി പറഞ്ഞു. കാഞ്ഞീറ്റുകര ബ്ലോക്ക് കുടുംബാരോഗ്യ കേന്ദ്രത്തിൽ നടന്ന പരിപാടിയിൽ റാന്നി എം. എൽ. എ അഡ്വ. പ്രമോദ് നാരായൺ അദ്ധ്യക്ഷത വഹിച്ചു.

ഇതിനോടൊപ്പം പന്തളം ബ്ലോക്ക് പഞ്ചായത്തിലെ വല്ലന കുടുംബാരോഗ്യ കേന്ദ്രത്തിന്റെ പുതിയ ഒ പി കെട്ടിടം, ഇലന്തൂർ ബ്ലോക്ക് കുടുംബാരോഗ്യകേന്ദ്രത്തിന്റെ പുതിയ ഒ പി ബ്ലോക്ക്, ഓമല്ലൂർ കുടുംബാരോഗ്യ കേന്ദ്രത്തിലെ പൊതുജനാരോഗ്യ വിഭാഗം കെട്ടിട ഉദ്ഘാടനവും മന്ത്രി നിർവഹിച്ചു.

# ആരോഗ്യ വിജ്ഞാനത്തിലേക്ക് കേരളത്തെ നയിച്ച 4 വർഷങ്ങൾ

5-ാം വർഷത്തിലേക്ക്

## ആരോഗ്യ കേരളം

arogyakeralam newsletter
















വിഷൻ 2031

## ആരോഗ്യ സെമിനാർ

14 ഒക്ടോബർ 2025
ബിലീവേഴ്സ്
കൺവെൻഷൻ സെന്റർ
തിരുവല്ല

വിഷൻ 2031




















ആർദ്രകേരളം
കായകൽപ്പ്
പുരസ്കാരം









